

# മുദ്ര

**ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് (LK /2018/ 40008)**

***ഗുരുദേവ ഹൈസ്ക്കൂൾ, പിറവന്തൂർ***

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

*കൈറ്റ് (കേരളാ ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എജ്യൂക്കേഷൻ).*

# ഗുരുദേവ ഹൈസ്ക്കൂൾ, പിറവന്തൂർ





## സന്ദേശം

പിറവന്തൂർ ഗുരുദേവ ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി അംഗങ്ങൾ തയ്യാറാക്കിയ "മുദ്ര"യ്ക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.മലയാളം ടൈപ്പിങ്ങിൽ കൂടുതൽ പ്രാഗല്ഭ്യം നേടാൻ കുട്ടികൾക്ക് കഴിയുന്നത് വളരെ നല്ലതാണ്. ഇതിന് മുതൽക്കൂട്ടായ "മുദ്ര"യുടെ നിർമാണം അഭിമാനത്തിന് വക നൽകുന്നു. കുട്ടികളുടെ കഠിന ശ്രമങ്ങളുടെയും കൂട്ടായ്മയുടെയും ഫലമായ "മുദ്ര"യ്ക്ക് ആശംസകൾ.

വി. വി. മോഹൻരാജ്
ഹെഡ്മാസ്റ്റർ

# മുദ്ര

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

## *ഗുരുദേവ ഹൈസ്കൂൾ, പിറവന്തൂർ.*

## *എഡിറ്റോറിയൽ ബോർഡ്*

*ചീഫ് എഡിറ്റർ*......വി. വി. മോഹൻരാജ് (ഹെഡ്മാസ്റ്റർ)

സ്റ്റാഫ് എഡിറ്റേഴ്സ്........സ്മിതാ രാജ്, ലിറ്റി.എം(കൈറ്റ് മാസ്റ്റേഴ്സ്)

സ്റ്റുഡൻറ് എഡിററർ...........ദേവ പ്രിയ.ഡി(കൈറ്റ് ലീഡർ)

സബ് എഡിറ്റേഴ്സ്........ഭവ്യ അന്യൂപ്

അയന മോഹൻ

നിമ്മി രാധാകൃഷ്ണൻ

ദേവദത്ത്

അമൽജിത്ത്

കവർ പേജ്............ അഖിൽ ജിത്ത്(10 C), അമൽജിത്ത് (10 C)

# പ്രണാമം




**ഞങ്ങളുടെ പ്രിയപ്പെട്ട മധുസാറിന്റെ**

**ഓർമ്മയ്ക്ക് മുമ്പിൽ..........**

# ലിറ്റിൽ കൈറ്റുകൾ e-മാഗസിന്റെ പണിപ്പുരയിൽ





# ആമുഖം

മാതൃഭാഷ ഇന്ന് മരണം മന്ത്രിക്കുകയാണ്. ചരിത്രത്തോളം പഴക്കമുള്ള നമ്മുടെ ഭാഷ ചരമമടയുകയാണ്. മേഘസന്ദേശവും, താളിയോലയും, എഴുത്തും, പത്രത്താളുകളും മറ്റും ഇന്റർനെറ്റ്, ഇ–മെയിൽ, മൊബൈൽ, എസ്.എം.എസ് എന്നിവയ്ക്ക് വഴിമാറുമ്പോൾ ഇംഗ്ലീഷ് ഭാഷയ്ക്കു മുന്നിൽ മലയാളഭാഷയും വൈകാതെ അടിയറവുപറയേണ്ടിവരും. മലയാളം നമ്മുടെ അഭിമാനം ആണ്, അത് നമ്മുടെ സംസ്കാരമാണ്. അനുഭവത്തിന്റെ, ആത്മാവിന്റെ ഭാഷയാണ് മാതൃഭാഷ. അതിനെ നിഷേധിക്കാൻ, ചവിട്ടി താഴ്ത്താൻ ആർക്കും അവകാശമില്ല. ഇന്ന് പലരും എനിക്ക് മലയാളം അറിയില്ല എന്നു പറയുന്നു. അതവർക്ക് ഗമ കൂട്ടുന്ന ഒന്നായോ.. എന്നാൽ അവർക്ക് തെറ്റുപറ്റിയിരിക്കുന്നു.



ലോകത്തിലുള്ള 2796 ഭാഷകളിൽ മലയാളിത്തിന് 77–ാം സ്ഥാനമാണുള്ളത്. നമ്മുടെ നാട്ടിൽ മഹാൻമാർ ജനിച്ചിട്ടുണ്ടെന്നുതന്നെ അപൂർവ്വമായേ നമുക്കറിയാനിടവരുന്നുള്ളൂ. ഇന്നത്തെ വിദ്യാഭ്യാസം രചനാത്മകമായ യാതൊന്നും നമ്മെ പഠിപ്പിക്കുന്നില്ല എന്നു വേണമെങ്കിൽ പറയാം. സ്വന്തം കൈകാലുകൾ ഉപയോഗിക്കാൻ പോലും നമുക്കറിയില്ല.


ഇംഗ്ലീഷുകാരുടെ പൂർവ്വികന്മാരെക്കുറിച്ചുള്ള വസ്തുതകളും കണക്കുകളുമെല്ലാം നാം അസ്സലായി പഠിക്കുന്നു.

കേവലം 80 ലക്ഷം പേർ സംസാരിക്കുന്ന സ്വീഡിഷ് ഭാഷയും 100 ലക്ഷംപേർ സംസാരിക്കുന്ന ഗ്രീക്ക് ഭാഷയും ലോകത്തിലുള്ള വലിയ സ്ഥാനം ആലോചിക്കുമ്പോൾ നമ്മൾ ലജ്ജിച്ചു തലതാഴ്ത്തേണ്ടിയിരിക്കുന്നു. അവർക്ക് അവരുടെ മാതൃഭാഷയോടുള്ള സ്നേഹവും ആദരവും കണ്ടുപഠിക്കേണ്ടിയിരിക്കുന്നു. 300 ലക്ഷത്തിലധികം മലയാളികളുള്ള നമ്മുടെ കേരളം മാതൃഭാഷയോട് കാണിക്കുന്നത് ഒരു ജനതയും കാണിക്കാത്ത തരം അനാസ്ഥയാണ്. മാതൃഭാഷയെക്കുറിച്ച് നമ്മുടെ കവികൾ പാടിയതും എഴുതിയതും എത്രയുണ്ട് പറയാനാണെങ്കിൽ. മലയാള ഭാഷയെക്കുറിച്ച് മഹാകവി വള്ളത്തോൾ എഴുതിയ കുറച്ച് വരികൾ കുറിച്ച് കൊണ്ട് ഞങ്ങൾ ഈ മുദ്ര നിങ്ങൾക്കായി സമർപ്പിക്കുന്നു........

"മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന
പിഞ്ചിളം–
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം,
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചിടുന്നതൊന്നാമതായ്?
മറ്റുള്ള ഭാഷകൾ കേവലം ധാത്രികൾ
മർത്ത്യനു പെറ്റമ്മ തൻഭാഷ താൻ."



# കവിതകൾ



വള്ളത്തോൾ

# എൻെറ ഭാഷ

മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ്?

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!
മർത്ത്യന്നു പെറ്റമ്മ തൻഭാഷതാൻ
മാതാവിൻ വാത്സല്യദുഗ്ദ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണവളർച്ച നേടൂ

അമ്മതാൻതന്നേ പകർന്നുതരുമ്പോഴേ
നമ്മൾക്കമൃതുമമൃതായ്ത്തോന്നൂ!
ഏതൊരു വേദവുമേതൊരു
ശാസ്ത്രവുമേതൊരു

കാവ്യവുമേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽ നിന്നുതാൻ കേൾക്കവേണം

ഹൃദ്യം സ്വഭാഷതൻ ശീകരമോരോന്നു-
മുൾത്തേനായ്ച്ചേരുന്നു ചിത്തതാരിൽ;
അന്യബിന്ദുക്കളോ, തൽബഹിർഭാഗമേ
മിന്നിച്ചുനിൽക്കുന്ന തുമുത്തുകൾ

ആദിമകാവ്യവും പഞ്ചമവേദവും
നീതിപ്പൊരുളുമുപനിഷത്തും
പാടിസ്വകീയരെ കേൾപ്പിച്ച കൈരളി
പാടവഹീനയെന്നാർപറയും?

കൊണ്ടാടി നാനാവിചിന്തനതത്തുക്കൾ
കൊണ്ടാത്മഭാഷയെ വായ്പ്പിക്കായ്കിൽ
കേരളത്തിന്നീയിരുൾക്കുണ്ടിൽ നിന്നൊന്നു
കേറാൻ പിടിക്കയറെന്തുവേറെ?

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!
മർത്ത്യനു പെറ്റമ്മ തൻഭാഷതാൻ
മർത്ത്യനു പെറ്റമ്മ തൻഭാഷതാൻ

രചന : വള്ളത്തോൾ

# മാവേലി വന്നാൽ

മാവേലി മന്നൻ അരികത്തു വന്നാൽ
മാലിനി എന്തു കൊടുക്കും?
മാഞ്ചോട്ടിൽ പോയിട്ട് ചില്ലകുലുക്കി
മാമ്പഴം വീഴ്ത്തി കൊടുക്കും.

മാവേലി മന്നൻ അരികത്തു വന്നാൽ
ഗായത്രി എന്തു കൊടുക്കും?
മാവേലി മന്നനെ വീട്ടിലിരുത്തി
പായസം വിളമ്പിക്കൊടുക്കും.

മാവേലി മന്നൻ അരികത്തു മന്നാൽ
ശ്രീലതയെന്തു കൊടുക്കും?
മാവേലി മന്നൻെറ തിരുമുമ്പിൽ വലിയൊരു
പൂക്കളമിട്ടുകൊടുക്കും.

# ഒരു ദൈവ സന്ദേശം

കരയുന്ന ഭൂമിയുടെ കണ്ണീർ
തുടയ്ക്കാൻ ഒരുങ്ങാത്ത മക്കളെ
പോറ്റുന്ന ഭൂമിയുടെ
ഭിന്നമാം രോദനം കേൾക്കുന്നു ഞാൻ
ഭൂമി പിളരുന്ന മരണമാം വേദനയോടെ
കണ്ണുനീർ പൊഴിക്കുന്നു
തടാകമെന്നപോൽ
ഓർക്കുക മർത്ത്യാ നീ
ജീവൻ തുടിപ്പുള്ള
ഭൂമിയാം ദേവിയെ നോവിച്ചാൽ
അനുവഭിക്കും
നീ ഒരുനാൾ

# ഭൂമിയുടെ തേങ്ങൽ

ഇന്നു ഞാനൊരു എരിയുന്ന ശലഭമായ് മാറി
നാളെ നിങ്ങളും എരിയുന്ന കനലുകളായിടും
എൻമനം മെല്ലെ നീറുന്നുവോ..
എന്റെ ജീവനിൽ നാശം ഞാൻ അറിയുന്നുവോ
എൻ മനം മെല്ലെ നീറുന്നുവോ
എന്റെ ചിരകാല സ്വപ്നങ്ങൾ മായുന്നുവോ.

എന്റെ ഇടറിയ വാക്കുകളിൽ
എൻ മക്കൾ തൻ വെമ്പൽ ഞാനറിയുന്നുവോ
നിങ്ങൾ തൻ നാശം നിങ്ങൾ വിതച്ച
എന്തിനെൻ മേനികൾ കൊയ്തു...



സുഗതകുമാരി

# തെംസ്സദിയോട്

ആരോ പറയുന്ന തെംസ്സദിയോട്, നിന്നോട്
മൂകാനുരാഗം കലർന്നോരാള് വന്നപോൽ
ആകെയിരുണ്ടു തളർന്നിഴയുന്ന നിൻ
യാതന കണ്ടാ മിഴികള് നിറയവേ

രണ്ടുതുള്ളിച്ചുടുനീർ നിൻ കറുപ്പാർന്ന
നെഞ്ചത്തുവീണപോൽ അദ്ഭുതം!  പെട്ടെന്നു
പുഞ്ചിരിക്കൊള്ളാൻ തുടങ്ങിപോൽ തെംസ്സദി
ആ രാഗമല്ലലായ് മാറി നിൻ നിർജീവമായി

# മറയുകയാണു ഞാൻ

കാലത്തിൻ തിരുവിളക്കിൽ
എരിയുന്നൊരീ തീ നാളം
മാത്രമാം നമ്മുടെ ജീവിതം
കാലമേ നിൻ കൈപ്പിടിയി-
ലൊതുങ്ങുന്നൊരീ ഒരുപിടി
മണൽത്തരികളാണു ഞാൻ

നിൻ കൈപ്പിടിയിൽ നിന്ന്
നഴഞ്ഞ് വീഴുമീ മണൽ
ത്തരിപോൽ എൻ ആയുസ്സും
നീ കവർന്നെടുത്തു എൻ
ഓർമ്മകൾ ചിന്തുന്നൊരീ
തീരങ്ങളെ ഒരു കാറ്റായ്
വന്നു തഴുകാൻ മോഹം

അസ്തമിച്ചീടുന്നു എന്നുടെ
ജീവിതം, പ്രകൃതിയെ നിൻ
മടിത്തട്ടിൽ ചായാൻ ഞാൻ
വരുകയാണ് സ്വീകരിക്കുകയില്ലേ
എന്നെ നീ.........

അസ്തമിക്കുന്നു നമ്മുടെ ജീവിതം
എന്നേക്കുമായി........
അസ്തമയസൂര്യനെ കണ്ടു
രസിക്കും മർത്ത്യാ നീ ഓർക്കുക

അസ്തമയം നമുക്കുമുണ്ടാകും
ഒരു ചെറു കാറ്റുപോൽ
വന്നു പോവുകയാണു ഞാൻ
സാഗരം തൻ അഗാധതയിൽ
മറയുകയാണു ഞാൻ

സൂര്യൻ തൻ കൂടെ
മറയുകയാണു ഞാൻ
മറയുകയാണു ഞാൻ

രചന–മാളവിക.ബി
9 C
ജി.ഡി.എച്ച്.എസ്
പിറവന്തൂർ.
(പുനലൂർ സബ്ജില്ലയിൽ ഒന്നാം സ്ഥാനം ലഭിച്ച കവിത)

# മഞ്ഞുതുള്ളികൾ

മുത്തുച്ചിപ്പികൾക്കുള്ളിൽ തിളങ്ങും
മുത്തുകൾ പോൽ
സൂര്യപ്രഭയിൽ
മഞ്ഞുതുള്ളികൾ തിളങ്ങവെ
പനിനീർപൂക്കൾ തൻ കവിളിൽ തലോടി
നീ മന്ദഹാസിക്കുമ്പോൾ
പനിനീർപൂവിൻ സുഗന്ധത്താൽ നീ
കോൾമയിർ കൊള്ളുന്നു
സൂര്യകിരണങ്ങൾ നിന്നാൽ
ആയിരം വർണ്ണങ്ങൾ വിരിക്കവേ
ആ മനോഹരദൃശ്യം ആസ്വദിക്കാനെൻ
ഹൃദയം വെമ്പൽ കൊള്ളുന്നു .
സൂര്യപ്രഭ നിന്നോടു കിന്നാരം
ചൊല്ലാനന്നവയേ

നീ യവനികയ്ക്കുള്ളിൽ മറയുന്നു
എന്നെപിരിയുമീ വേളയിൽ
നിനക്കുഞാനെന്തു തരേണ്ടു ?
മഞ്ഞുതുള്ളി എന്നോടു നിമന്ത്രിച്ചു
'അവസാനത്തെ മഞ്ഞുതുള്ളിയും
യാത്ര പറയുമ്പോൾ ............
ചുണ്ടിൽതരാതെപോയ
ആ ചുംബനം വിറങ്ങലിക്കുമ്പോൾ..........
എന്റെ ലോലമാം ഹൃദയത്തിനുമേൽ
നീ ഒരു പനിനീർപൂവ് വയ്ക്കുക
മതി, ഈ മഞ്ഞുതുള്ളിക്കിനി മറ്റൊന്നും
വേണ്ടാ!



# വീണപൂവ്

ഹാ, പുഷ്പമേ, അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞി കണക്കയേ നീ
ശ്രീ ഭൂവിലസ്ഥിര–അസംശയ–മിന്നു നിന്റെ–
യാഭൂതിയെങ്ങു പുനരെങ്ങു കിടപ്പിതോർത്താൽ?

ലാളിച്ചു പെറ്റ ലതയൻപൊടു ശൈശവത്തിൽ,
പാലിച്ചു പല്ലവപുടങ്ങളിൽ വെച്ചു നിന്നെ;
ആ ലോലവായു ചെറുതൊട്ടിലുമാട്ടി, താരാ–
ട്ടാലാപമാർന്നു മലരേ, ദളമർമ്മരങ്ങൾ

പാലൊത്തെഴും പുതുനിലാവിലലം കുളിച്ചും
ബാലാതപത്തിൽ വിളയാടിയുമാടലെന്യേ
നീ ലീലപൂണ്ടിളയ മൊട്ടുകളോടു ചേർന്നു
ബാലത്വമങ്ങനെ കഴിച്ചിതു നാളിൽ നാളിൽ

ശീലിച്ച ഗാനമിടചേർന്ന ശിരസ്സമാട്ടി-
ക്കാലത്തെഴും കിളികളോടഥ മൗനമായ് നീ
ഈ ലോകതത്വവുമയേ, തെളിവാർന്ന താരാ-
ജാലത്തൊടുന്മുഖതയാർന്നു പഠിച്ച രാവിൽ

ഈവണ്ണമൻപൊടു വളർന്നഥ നിന്റെയംഗ-
മാവിഷ്കരിച്ച ചില ഭംഗികൾ മോഹനങ്ങൾ
ഭാവം പകർന്നു വദനം, കവിൾ കാന്തിയാർന്നു
പൂവേ! അതിൽ പുതിയ പുഞ്ചിരി സഞ്ചരിച്ചു.

ആരോമലാമഴക്, ശുദ്ധി, മൃദുത്വ,മാഭ
സാരള്യമെന്ന, സുകുമാര ഗുണത്തിനെല്ലാം
പാരിങ്കലേതുപമ, ആ മൃദുമെയ്യിൽ നവ്യ-
താരുണ്യമേന്തിയൊരു നിൻ നില കാണണം താൻ

വൈരാഗ്യമേറിയൊരു വൈദികനാട്ടെ, യേറ്റ-
വൈരിയ്ക്കു മുൻപുഴറിയോടിയ ഭീരുവാട്ടെ
നേരേ വിടർന്ന വിലസീടിന നിന്നെ നോക്കി-
യാരാകിലെന്തു, മിഴിയുള്ളവർ നിന്നിരിക്കാം

മെല്ലെന്നു സൗരഭവുമൊട്ടു പരന്നു ലോക-
മെല്ലാം മയക്കി മരുവുന്നളവന്നു നിന്നെ
തെല്ലോ കൊതിച്ചനുഭവാർത്ഥികൾ ചിത്രമല്ല-
തില്ലാർക്കുമീഗുണവു, മേവമകത്തു തേനും

ചേതോഹരങ്ങൾ സമജാതികളാം സുമങ്ങ-
ളേതും സമാനമഴകുള്ളവയെങ്കിലും നീ
ജാതാനുരാഗമൊരുവന്നു മിഴിക്കുവേദ്യ-
മേതോ വിശേഷസുഭഗത്വവുമാർന്നിരിക്കാം

"കാലം കുറഞ്ഞ ദിനമെങ്കിലുമർത്ഥദീർഘം,
മാലേറെയെങ്കിലുമതീവ മനോഭിരാമം
ചാലേ കഴിഞ്ഞരിയ യൗവന"മെന്നു നിന്റേ-
യീ ലോലമേനി പറയുന്നനുകമ്പനീയം.

അന്യോപമാണഴകു കണ്ടു വരിച്ചിട്ടും നീ-
യെന്നോർത്തു ചിത്രശലഭങ്ങളണഞ്ഞിരിക്കാം
എന്നല്ല ദൂരമതിൽനിന്നനുരാഗമോതി
വന്നെന്നുമാം വിരുതനങ്ങൊരു ഭൃംഗരാജൻ

കില്ലില്ലയേ ഭ്രമരവര്യനെ നീ വരിച്ചു
തെല്ലെങ്കിലും ശലഭമേനിയെ മാനിയാതെ
അല്ലെങ്കിൽ നിന്നരികിൽ വന്നിഹ വട്ടമിട്ടു
വല്ലാതിവൻ നിലവിളിക്കുകയില്ലിദാനീം

എന്നംഗമേകനിഹ തീറുകൊടുത്തുപോയ് ഞാൻ
എന്നന്യകാമുകരെയൊക്കെ മടക്കിയില്ലേ?
ഇന്നോമലേ വിരവിലെന്നെ വെടിഞ്ഞിടല്ലേ
എന്നൊക്കെയല്ലി ബത വണ്ടു പുലമ്പിടുന്നു?

ഹാ! കഷ്ട, മാ വിബുധകാമിതമാം ഗുണത്താ-
ലാകൃഷ്ടനായ്, അനുഭവിച്ചൊരു ധന്യനീയാൾ
പോകട്ടെ നിന്നൊടൊരുമിച്ചു മരിച്ചു; നിത്യ-
ശോകാർത്തനായിനിയിരിപ്പതു നിഷ്ഫലംതാൻ!

ചത്തീടുമിപ്പോഴിവനല്പവികല്പമില്ല
തത്താദൃശം വ്യസനകുണ്ഠിതമുണ്ടു കണ്ടാൽ
അത്യുഗ്രമാം തരുവിൽ ബത കല്ലിലും പോയ്
പ്രത്യക്ഷമാഞ്ഞു തല തല്ലുകയല്ലി ഖിന്നൻ?

ഒന്നോർക്കിലിങ്ങിവ വളർന്ന ദൃഢാനുരാഗ-
മന്യോന്യമാർന്നുപയമത്തിനു കാത്തിരുന്നു
വന്നീയപായമഥ കണ്ടളി ഭാഗ്യഹീനൻ
ക്രന്ദിയ്ക്കയാം; കഠിന താൻ ഭവിതവ്യതേ നീ.

ഇന്നല്ലയെങ്കിലയി നീ ഹൃദയം തുറന്നു
നന്ദിച്ച വണ്ടു കുസുമാന്തരലോലനായി
എന്നെച്ചതിച്ച ശഠൻ, എന്നതു കണ്ടു നീണ്ടു
വന്നുള്ളൊരാധിയഥ നിന്നെ ഹനിച്ച പൂവേ

ഹാ! പാർക്കിലീ നിഗമനം പരമാർത്ഥമെങ്കിൽ
പാപം നിനക്കു ഫലമായഴൽ പൂണ്ട വണ്ടേ!
ആപത്തെഴും തൊഴിലിലോർക്കുക മുമ്പു; പശ്ചാ-
ത്താപങ്ങൾ സാഹസികനിങ്ങനെയെങ്ങുമുണ്ടാം.

പോകട്ടതൊക്കെയഥവാ യുവലോകമേലു-
മേകാന്തമാം ചരിതമാരറിയുന്നു പാരിൽ
ഏകുന്നു വാക്പടുവിനാർത്തി വൃഥാപവാദം
മൂകങ്ങൾ പിന്നിവ പഴിക്കുകിൽ ദോഷമല്ലേ?

പോകുന്നിതാ വിരവിൽ വണ്ടിവിടം വെടിഞ്ഞു
സാകൂതമാം പടി പറന്നു നഭസ്ഥലത്തിൽ
ശോകാന്ധനായ് കുസുമചേതന പോയമാർഗ്ഗ-

മേകാന്തഗന്ധമിതു പിൻതുടരുന്നതല്ലീ?

ഹാ! പാപമോമൽമലരേ ബത നിന്റെ മേലും
ക്ഷേപിച്ചിതോ കരുണയറ്റ കരം കൃതാന്തൻ
വ്യാപാരമേ ഹനനമാം വനവേടനുണ്ടോ
വ്യാപന്നമായ് കഴുകനെന്നു കപോതമെന്നും?

തെറ്റെന്നു ദേഹസുഷമാപ്രസരം മറഞ്ഞു
ചെറ്റല്ലിരുണ്ടു മുഖകാന്തിയതും കുറഞ്ഞു
മറ്റെന്തുരപ്പു? ജവമീ നവദീപമെണ്ണ
വറ്റിപ്പുകഞ്ഞഹഹ! വാടിയണഞ്ഞുപോയി

ഞെട്ടറ്റു നീ മുകളിൽനിന്നു നിശാന്തവായു
തട്ടിപ്പതിപ്പളവുണർന്നവർ താരമെന്നോ
തിട്ടം നിനച്ചു മലരേ ബത! ദിവ്യഭോഗം
വിട്ടാശു ഭുവിലടിയുന്നൊരു ജീവനെന്നോ

അത്യന്തകോമളതയാർന്നൊരു നിന്റെ മേനി-
യെത്തുന്ന കണ്ടവനിതന്നെയധീരയായി
സദ്യദ്സ്ഫുടം പുളകിതാംഗമിയന്നു പൂണ്ടോ-
രുദ്വേഗമോതുമുപകണ്ഠതൃണാങ്കുരങ്ങൾ

അന്യൂനമാം മഹിമ തിങ്ങിയൊരാത്മതത്വ-
മെന്യേ ഗതമൗക്തികശുക്തിപോൽ നീ
സന്നാഭമിങ്ങനെ കിടക്കുകിലും ചുഴന്നു
മിന്നുന്നു നിൻ പരിധിയെന്നു തോന്നും

ആഹാ, രചിച്ച ചെറു ലൂതകളാശു നിന്റെ
ദേഹത്തിനേകി ചരമാവരണം ദുകൂലം
സ്നേഹാർദ്രയായുടനുഷസ്സുമണിഞ്ഞു നിന്മേൽ
നീഹാരശീകരമനോഹരമന്ത്യഹാരം

താരങ്ങൾ നിൻ പതനമോർത്തു തപിച്ചഹോ ക-
ണ്ണീരായിതാ ഹിമകണങ്ങൾ പൊഴിഞ്ഞിടുന്നു;
നേരായി നീഡതരുവിട്ടു നിലത്തു നിന്റെ
ചാരത്തു വീണു ചടകങ്ങൾ പുലമ്പിടുന്നു

ആരോമലമാം ഗുണഗണങ്ങളിണങ്ങി ദോഷ-
മോരാതുപദ്രവമൊന്നിനു ചെയ്തിടാതെ,
പാരം പരാർത്ഥമിഹ വാണൊരു നിൻ ചരിത്ര-
മാരോർത്തു ഹൃത്തടമഴിഞ്ഞു കരഞ്ഞുപോകാ?

കണ്ടീ വിപത്തഹഹ! കല്ലലിയുന്നിതാടൽ-
കൊണ്ടാശു ദിങ്മുഖവുമിങ്ങനെ മങ്ങിടുന്നു
തണ്ടാർസഖൻ ഗിരിതടത്തിൽ വിവർണ്ണനായ് നി-
ന്നിണ്ടൽപ്പെടുന്നു, പവനൻ നെടുവീർപ്പിടുന്നു.

എന്തിന്നലിഞ്ഞു ഗുണധോരണി വെച്ചു നിന്മേൽ?
എന്തിന്നതാശു വിധിയേവമപാകരിച്ചു?
ചിന്തിപ്പതാരരിയ സൃഷ്ടിരഹസ്യ, മാവ-
തെന്തുള്ളൂ ഹാ, ഗുണികളൂഴിയിൽ നീണ്ടു വാഴാ.

സാധിച്ചു വേഗമഥവാ നിജ ജന്മകൃത്യം
സാധിഷ്ഠർ പോട്ടിഹ സദാ നിശി പാന്ഥപാദം
ബാധിച്ചു രൂക്ഷശില വാഴ്‌വതിൽനിന്നു മേഘ-
ജ്യോതിസ്സുതൻ ക്ഷണികജീവിതമല്ലി കാമ്യം?

എന്നാലുമുണ്ടഴലെനിക്കു വിയോഗമോർത്തും
ഇന്നത്ര നിൻ കരുണമായ കിടപ്പു കണ്ടും
ഒന്നല്ലി നാ,മയി സഹോദരരല്ലി, പൂവേ,
ഒന്നല്ലി കയ്യിഹ രചിച്ചതു നമ്മെയെല്ലാം

ഇന്നീവിധം ഗതി നിനക്കയി പോക! പിന്നൊ-
ന്നൊന്നായ്ത്തുടർന്നു വരുമാ വഴി ഞങ്ങളെല്ലാം
ഒന്നിനുമില്ല നില-ഉന്നതമായ കുന്നു-
മെന്നല്ലയാഴിയുമൊരിക്കൽ നശിക്കുമോർത്താൽ.

അംഭോജബന്ധുവിത നിന്നവശിഷ്ടകാന്തി
സമ്പത്തെടുപ്പതിനണഞ്ഞു കരങ്ങൾ നീട്ടി
ജൃംഭിച്ച സൗരഭമിതാ കവരുന്നു വായു
സമ്പൂർണ്ണമാ,യഹഹ! നിന്നുടെ ദായഭാഗം.

ഉത്പന്നമായതു നശിക്കു,മണുക്കൾ നിൽക്കും
ഉത്പന്നനാമുടൽ വെടിഞ്ഞൊരു ദേഹി വീണ്ടും
ഉത്പത്തി കർമ്മഗതി പോലെ വരും ജഗത്തിൽ
കൽപിച്ചിടുന്നിവിടെയിങ്ങനെ ആഗമങ്ങൾ

ഖേദിക്കകൊണ്ടു ഫലമില്ല, നമുക്കതല്ല
മോദത്തിനും ഭുവി വിപത്തു വരാം ചിലപ്പോൾ
ചൈതന്യവും ജഡവുമായ് കലരാം ജഗത്തി-
ലേതെങ്കിലും വടിവിലീശ്വര വൈഭവത്താൽ

ഇപ്പശ്ചിമാബ്ധിയിലണഞ്ഞൊരു താരമാരാ-
ലുത്പന്നശോഭമുദയാദ്രിയിലെത്തിടും പോൽ
സത്പുഷ്പമേ! യിവിടെ മാഞ്ഞു സുമേരുവിൻ മേൽ

കൽപദ്രുമത്തിനുടെ കൊമ്പിൽ വിടർന്നിടാം നീ.

സംഫുല്ലശോഭമതു കണ്ടു കുതൂഹലം പൂ-
ണ്ണമ്പോടടുക്കുമളിവേണികൾ ഭൂഷയായ് നീ
ഇമ്പത്തെയും സുരയുവാക്കളിലേകി രാഗ-
സമ്പത്തെയും തമധികം സുകൃതം ലഭിക്കാം

അല്ലെങ്കിലാ ദ്യുതിയെഴുന്നമരർഷിമാർക്കു
ഫുല്ലപ്രകാശമിയലും ബലിപുഷ്പമായ് നീ
സ്വർല്ലോകവും സകലസംഗമവും കടന്നു
ചെല്ലാം നിനക്കു തമസഃ പരമാം പദത്തിൽ

ഹാ! ശാന്തിയൗപനിഷദോക്തികൾ തന്നെ നൽകും
ക്ലേശിപ്തതാത്മപരിപീഡനമജ്ഞയോഗ്യം
ആശാഭരം ശ്രുതിയിൽ വയ്ക്കുക നമ്മൾ, പിന്നെ-
യീശാജ്ഞ പോലെ വരുമൊക്കെയുമോർക്ക പൂവേ!

കണ്ണേ, മടങ്ങുക കരിഞ്ഞുമലിഞ്ഞുമാശു
മണ്ണാകുമീ മലരു വിസ്തൃതമാകുമിപ്പോൾ
എണ്ണീടുകാർക്കുമിതുതാൻ ഗതി! സാദ്ധ്യമെന്തു
കണ്ണീരിനാൽ? അവനി വാഴ്‌വു കിനാവു കഷ്ടം!

മഹാകവി കുമാരനാശാൻ

# പൂക്കാലം

പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ.

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു,
ഉല്ലാസമീ നീണ്ട കൂകൂരവത്താ-
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ.

കാണുന്നിതാ രാവിലേ പൂവു തേടി
ക്ഷീണത്വമോരാത്ത തേനീച്ച കാട്ടിൽ
പോണേറെയുത്സാഹമുൾക്കൊണ്ടിവയ്ക്കെ-
ന്തോണം വെളുക്കുന്നുഷസ്സോയിതെല്ലാം?

പാടങ്ങൾ പൊന്നിൻനിറംപൂണ്ടു, നീളെ-
പ്പാടിപ്പറന്നെത്തിയിത്തത്തയെല്ലാം
കേടറ്റ നെല്ലിൻ കതിർക്കാമ്പുകൊത്തി-
കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ.

ചന്തം ധരയ്ക്കേറെയായ് ശീതവും പോ-
യന്തിക്കു പൂങ്കാവിലാളേറെയായി
സന്തോഷമേറുന്നു, ദേവാലയത്തിൽ
പൊന്തുന്നു വാദ്യങ്ങൾ-വന്നു വസന്തം!

നാകത്തിൽനിന്നോമനേ, നിന്നെ വിട്ടീ-

ലോകത്തിനാനന്ദമേകുന്നിതീശൻ
ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ
പോകൊല്ല പോകൊല്ല പൂക്കാലമേ നീ!

ചിന്തിച്ചിളങ്കാറ്റതൻ നിസ്വനത്താ-
ലെന്തോന്നുരയ്ക്കുന്നു നീ?-ഞാനറിഞ്ഞു,
"എന്താതനാം ദേവനോതുന്നതേ ഞാ-
നെന്താകിലും ചെയ്യു"വെന്നല്ലയല്ലീ?



സുഗതകുമാരി

# യാത്രക്കിടയിൽ

എനിക്ക് പണ്ടേ പ്രിയം നിങ്ങളെ , സ്വപ്നങ്ങളെ
ചിരിക്കും ബാല്യം തൊട്ടേ നിങ്ങളെൻ കളിത്തോഴർ
ഏതിരുട്ടിലും നമ്മളൊന്നിച്ചു വാണു , നിങ്ങ-
ളെതഴളിലും വന്നെൻ കണ്ണുനീരൊപ്പി തന്നു

വിളർക്കും ദിനങ്ങൾ തൻ കവിളിൽ ചായം തേച്ചു
തിളക്കും വേനൽച്ചൂടിൽ പൂകളെ തുന്നിചേ്ർത്തു
ദാഹത്തിൽ പുന്തേനെകി ദുഃഖത്തിൽ പ്രേമം നൽകി
രോഗത്തിൽ സുഖാശ്വാസദൃഢവിശ്വാസം പാകി

ഈ വഴിത്തളർച്ചയെ ഞാനറിഞ്ഞീല നിങ്ങൾ
ഗാനലോലുപർ കൂട്ടിനൊന്നിച്ച നടപ്പോളം
അങ്ങനെ നാമൊന്നിച്ചേ കഴിഞ്ഞു ചിരകാലം

ഇന്നു ഞാനിവിടെയീ നാൽകവലയിൽ പെട്ടെ-
ന്നറിവു കാണ്മീലല്ലോ നിങ്ങളെക്കൂടെ പിരി -
ഞ്ഞകലുന്നേരം നിങ്ങൾ യാത്രയും ചൊല്ലീലല്ലോ

എങ്ങിനെയിനി? നിന്നു പോകുന്നേൻ , സ്വപ്നങ്ങളെ
നിങ്ങൾ കൈവിട്ടോൻ , ഏറെ ക്ഷീണനീ യാത്രക്കാരൻ
നടക്കാൻ വഴിയെത്രയുണ്ടിനി കൊട്ടും വെയിൽ
തണക്കും മഹാ സന്ധ്യകെത്രയുണ്ടിനി നേരം ...


ചെറുശ്ശേരി

# അമ്പാടിയിലേക്ക്

മായാകളഞ്ഞുള്ള  മാമുനിമാരുടെ
മാനസമായൊരു  മന്ദിരത്തിൽ
നിന്നുവിളങ്ങിന നന്ദകുമാരനെ–
ച്ചെന്നങ്ങു  കാണ്മതിന്നായച്ചെമ്മേ
അക്രൂരമായൊരു മാനസംപൂണ്ടുള്ളൊ –
രക്രൂരനാകിന  യാദവന്താൻ
ചൊൽക്കൊണ്ടു  നിന്നൊരു
തേരിൽക്കരേറിയ –
ദ്ദിക്കിനെ നോക്കി നടന്നാനപ്പോൾ.
പോകുന്നനേരത്തു  തന്നിലേ  നണ്ണിനാൻ
ഗോവിന്ദപാദങ്ങളുള്ളിലാക്കി:
'കണ്ണനെക്കണ്മതിന്നായല്ലോ പോകുന്നു
പുണ്യവാനെന്നതു നിർണയം  ഞാൻ.

ആയർകോൻതന്നുടെ കാന്തിയായുള്ളൊരു
പീയൂഷവാരിതൻ പൂരംതന്നെ.
കോരിനിറച്ചുകൊണ്ടെന്നുടെ കണ്ണിണ
പാരം കുളുർപ്പിച്ചു നിൽപ്പനോ ഞാൻ .
കാർവർണൻ തന്നുടെ കൺമുനയായൊരു
കാർവണ്ടു വന്നിങ്ങു മെല്ലെമെല്ലെ
ദീനനായ് നിന്നൊരു ഞാനായ പൂവിൽനി-
ന്നാനന്ദമാടിക്കളിക്കാമോ താൻ ?
കണ്ണന്റെ ത്തുമൊഴിയായൊരു
തേൻകൊണ്ടെൻ
കർണങ്ങൾ രണ്ടും നിറച്ചു ചെമ്മേ
പൂമാതുപൂണുന്ന പൂമേനികണ്ടുക -
ണ്ടാമോദം പൂണ്ടങ്ങു നിൽപ്പനോ ഞാൻ ?
പുഞ്ചിരിയായൊരു ത്തുനിലാവേറ്റു നി -
ന്നെഞ്ചിത്തമായുള്ളോരാമ്പൽ ചെമ്മേ
ഉല്ലസിച്ചാനന്ദമായൊരു തേനുംപൂ -
ണ്ടല്ലലെപ്പോക്കുമാറുണ്ടോ വന്നു ?
വെണ്ണ പിരണ്ടിട്ടു തിണ്ണം കുളുർത്തുള്ളൊ-
രുണ്ണിക്കൈയൊന്നു മുകർന്നുതാവൂ.
കണ്ടൊരു നേരത്തു
കാർമുകിൽവർണനെ
മണ്ടിയണഞ്ഞൊന്നു പൂണ്ടുതാവൂ.
ചേവടി രണ്ടുമെടുത്തുടൻ മെല്ലവേ
ചോവ്വോട്ടു മൗലിയിൽ ചേർത്തുതാവൂ.
ഇങ്ങനെ തന്നിലേ ചിന്തിച്ചുചിന്തിച്ചു
പൊങ്ങിന കൗതുകം പൂണ്ടുപൂണ്ട്
സായമായുള്ളൊരു കാലം വരുന്നപ്പോ -
ളായർകുലം തന്നിൽ ചെന്നു പൂക്കാൻ .
ആഴിനേർവർണന്റെ ചേവടിത്താരിണ
പൂഴിയിൽക്കാണായി പോകുംനേരം

തേരിൽനിന്നനേരം പാരിലിറങ്ങിയിട്ടു
പാരാതെ കുമ്പിട്ടുകൂപ്പിനിന്നാൻ
ആഴംപൂണ്ടിടുന്നേരാമോദം തന്നാലേ
പൂവിയിൽവീണു പുരണ്ടാൻ ചെമ്മേ
പിന്നെയെഴുന്നേറ്റു ധന്യമായുള്ളൊരു
നന്ദൻ്റെ മന്ദിരം തന്നെക്കണ്ടാൻ ;
കാലികറന്നുള്ളൊരൊച്ചയുണ്ടെങ്ങുമേ
ബാലന്മാർ കോലുന്ന ലീലകളും
ഒന്നിനോടൊന്നു കലർന്നുകളിക്കുന്ന
കന്നും കിടാക്കളുമുണ്ടെങ്ങുമേ .
കാളകൾ തങ്ങളിൽക്കുത്തിക്കുതർന്നിട്ടു
ധൂളിയെഴുന്നുമുണ്ടോരോരോ ദിക്കിൽ
ധേനുക്കളെച്ചെന്നു ചാലക്കറപ്പാനായ്
ചേണുറ്റ പാൽക്കുഴ ചേർത്തു കൈയിൽ
ചാലേ മുറുക്കിന കാഞ്ചിയുമാണ്ടുള്ള
നീലവിലോചനമാരുണ്ടെങ്ങും .
ഗോക്കളെപ്പേർചൊല്ലി നീളെ വിളിക്കയും
പാൽക്കുഴതാവെന്നു ചൊല്ലുകയും
ചേൽക്കണ്ണിമാരുടെ വാക്കുകളിങ്ങനെ
കേൾക്കായി വന്നുതേ പാർക്കുംതോറും
' എന്നുടെ കന്നിനെക്കണ്ടുതില്ലെന്തോഴീ
നിന്നുടെ വീട്ടിങ്കലുണ്ടോ കണ്ടു ?'
എന്നങ്ങു തങ്ങളിൽ ചോദിച്ചു നിന്നുള്ള
സുന്ദരിമാരുമുണ്ടങ്ങുമിങ്ങും

<u>കൃഷ്ണഗാഥ (ചെറുശ്ശേരി)</u>



മുരുകൻ കാട്ടാക്കട

# കണ്ണട

എല്ലാവർക്കും തിമിരം
നമുക്കെല്ലാവർക്കും തിമിരം
മങ്ങിയ  കാഴ്ച്ചകൾ കണ്ടുമടുത്തു
കണ്ണടകൾ വേണം

രക്തം  ചിതറിയ ചുമരുകൾ കാണാം
അഴിഞ്ഞ കോലകോപ്പുകൾ കാണം
കത്തികൾ വെള്ളിടി വെട്ടു നാദം
ചില്ലുകളുടഞ്ഞുചിതറും നാദം
പന്നിവെടി പുക പൊന്തുംതെരുവിൽ
പാതിക്കാൻ വിറക്കൊൾ വതുകാണാം
ഒഴിഞ്ഞ കുരയിൽ ഒളിഞ്ഞിറിക്കും
കുരുന്നു ഭീതിക്കണ്ണുകൾ കാണാം

മങ്ങിയ കാഴ്ചകൾ കണ്ടു മടുത്തു
കണ്ണടകൾ വേണം കണ്ണടകൾ വേണം

സ്മരണ കുടീരങ്ങൾ പെരുകുമ്പോൾ
പുത്രൻ ബലിവഴിയെ പോകുമ്പോൾ
മാതൃവിലാപത്താരാട്ടിൽ
മിഴിപൂട്ടിമയങ്ങും ബാല്യം
കണ്ണിൽ പെരുമഴയായ് പെയ്തൊഴിവതുകാണും

മങ്ങിയ കാഴ്ച്ചകൾ കണ്ടുമടുത്തു
കണ്ണടകൾ വേണം കണ്ണടകൾ വേണം
പൊട്ടിയ താലിചരടുകൾ കാണാം
പൊട്ടാ മദ്യക്കുപ്പികൾ കാണാം

പലിശപട്ടിണി പടികേറുമ്പോൾ
പുറകിലെമാവിൽ കയറുകൾ കാണാം
തറയിലൊരിലയിലൊരല്പം ചോരയിൽ
കുനനുരുമ്പിര തേടൽകാണാം
മങ്ങിയ കാഴ്ച്ചകൾ കണ്ടു മടുത്തു
കണ്ണടകൾ വേണം കണ്ണടകൾ വേണം

<u>മുരുകൻ കാട്ടാക്കട</u>

–

# ചെറു
# കവിതകൾ

# കുട കണ്ട കാഴ്ചകൾ

വലിയ കുളം .
കുളത്തിൽ താമര .
വെള്ളത്തിൽ മീൻ .
കുളക്കരയിൽ വാഴ .
കുലച്ച വാഴ .
ചെറിയ കുറ്റിക്കാട് .
മരത്തിൽ തത്ത .

# ഹായ് ! വലിയ കുളം

നിറയെ വെള്ളമുള്ള കുളം.
താമരക്കുളം.
താമര ഇലയിൽ തവള.
തുള്ളി മറിയുന്ന മീനുകൾ.
മീനിനെ നോക്കുന്ന കൊക്ക്.
കുളക്കരയിൽ താറാവും കുഞ്ഞും.

# നീലിയും കുറുമ്പനും

കുഞ്ഞിക്കാറ്റ് വീശി
എങ്ങും പൂമണം വീശി
നീലിപ്പൂമ്പാറ്റയ്ക്ക് സന്തോഷമായി.
വയറു നിറയെ തേൻ കുടിക്കാമല്ലോ.
അവൾ ചിന്തിച്ചു.
അതാ കുറുമ്പൻ വണ്ട്.
നീലിക്ക് പേടിയായി.
പേടിക്കേണ്ട നീലി, നമുക്ക് ഒന്നിച്ച് തേൻ കുടിക്കാം.
ഇരുവരും പൂക്കൾ തോറും പറന്നു.
തേൻ കുടിച്ചു രസിച്ചു

# ടി.വി

പാട്ടു പാടും പെട്ടി
കഥ പറയും പെട്ടി
സിനിമ കാട്ടും പെട്ടി
ടി വി യെന്ന പെട്ടി

# അങ്ങനെ

# മനുഷ്യനുണ്ടായി

പണിയെടുക്കാനായുധമുണ്ടായി
പലതും പറയാൻ  ഭാഷയുണ്ടായി
കൂട്ടുചേർന്ന ജീവിതമുണ്ടായി
അങ്ങനെ , കൂട്ടുകാരേ , മനുഷ്യനുണ്ടായി

# ലൈലയുടെ യാത്ര

ഞാൻ ലൈലയുടെ സ്വന്തം കളിവണ്ടി.
എന്തുരസമായിരുന്നെന്നോ ഇന്നത്തെ യാത്ര
കരയിലൂടെ ഓടിയോടി...
വെള്ളത്തിലൂടെ തുഴഞ്ഞ് തുഴഞ്ഞ്...
ആകാശത്തിൽ ചിറകുവിരിച്ച് ഒരു ചെറുകിളിയെപ്പോലെ...
ഞാൻ പാറി നടന്നു.
താരകങ്ങൾ എന്നെ നോക്കി കണ്ണുചിമ്മി.
കുളിർകാറ്റ് വീശി.
ലൈല ഉറങ്ങി.
ഞാൻ പറന്നുപറന്നു പോയി.

# കാണാപ്പാടം!കാണാപ്പാഠം!

കാണാത്തപാടത്ത്
കാണാപ്പാടത്ത്
ഇല്ലാത്ത വിത്തെന്നൊ–
രില്ലാവിത്ത്
വിതച്ചിട്ടും വിതച്ചിട്ടും
മുളവന്നില്ലാ
മുളവന്നില്ലാ.... മുളവന്നില്ലാ....
ഒരുവട്ടം വിതച്ചിട്ടും
ഇരുവട്ടം വിതച്ചിട്ടും
മൂവട്ടം വിതച്ചിട്ടും
മുളവന്നില്ലാ.....
മുളവന്നില്ലാ...മുളവന്നില്ലാ.
കാണാത്തപാടത്ത്
കാണാപ്പാടത്ത്
ഇല്ലാത്തക്കത്തിയൊ–
രില്ലാക്കത്തിവിളകൊയ്യാൻ
ചെന്നപ്പോ–
ളയ്യയ്യയ്യ....
വിളകണ്ടില്ലാ....
വിളകണ്ടില്ലാ.... വിളകണ്ടില്ലാ....
കാണാപ്പാടത്തെ
കൊയ്ത്തുപോലാണേ
കാണാപ്പാഠം പഠിത്തം !
നമ്മുടെ കാണാപ്പാഠം പഠിത്തം !
അക്ഷരം നോക്കാതെ–
അർഥമറിയാതെ
തത്തമ്മേ തത്തമ്മേപൂച്ച ! പൂച്ച !

തത്തമ്മെ തത്തമ്മെ പൂച്ച ! പൂച്ച !

# പുഴുവും പൂമ്പാറ്റയും

പച്ചയുടുപ്പിട്ട കുഞ്ഞിപ്പുഴു
ഇഴഞ്ഞിഴഞ്ഞു വന്നു
പഴങ്ങൾ തേടിനടന്നു
മാമ്പഴത്തിൽ കയറി
പഴച്ചാറെല്ലാം കുടിച്ചു

പുള്ളിയുടുപ്പിട്ട പൂമ്പാറ്റ
പറന്നുപറന്ന് വന്നു
പൂക്കൾ തേടി പറന്നു
പനിനീർപ്പൂവിലിരുന്നു
പൂന്തേനെല്ലാം കുടിച്ചു

# കുഞ്ഞിപ്പൂമ്പാറ്റ

കുഞ്ഞിപ്പൂവിൻ കവിളത്ത്
മുത്തം നൽകി പൂമ്പാറ്റ
മഞ്ഞനിറത്തിൻ പൂമ്പൊടിയാൽ
മുഖം മിനുക്കി പൂമ്പാറ്റ
പൂന്തേനുണ്ടൊരു പൂമ്പാറ്റ
കുഞ്ഞിച്ചിറകു വിരിച്ചല്ലോ
ആ പൂ... ഈ പൂ... പൂവുകൾ തോറും
പാറിനടന്നു പൂമ്പാറ്റ.

# പാലനട്ടു

ഒന്നാകും കുന്നിലും
ഓരടിക്കുന്നിലും
ഓരടിക്കുന്നിമാർ
പാലനട്ടേ തെയ്യം.

പാലയ്ക്കിലവന്നു
പൂ വന്നു കാ വന്നു
പാലയ്ക്ക നീ കൊട്ട-
കാ കുഴലി തെയ്യം.

തക്കമിടിം – തെയ്യം
താളമിട്ടും – തെയ്യം
താളത്തിനൊത്ത
മേളമിട്ടും തെയ്യം

# മഴമേളം

മഴമേളം തക മഴമേളം
മഴയുടെ മേളം പൊടി പൂരം
മിന്നൽ മിന്നി കാറ്റും വീശി
മഴമേളം തക മഴമേളം
തവളക്കുട്ടൻ നീട്ടിപ്പാടി
പേക്രോം പേക്രോം തുടിമേളം
ഉണ്ണിക്കുട്ടൻ തോണിയിറക്കി
മഴയിൽ തുള്ളി രസിക്കുന്നു
മഴമേളം തക മഴമേളം
മഴയുടെ മേളം പൊടി പൂരം

# കഥകൾ

# സെൻകഥ

ഗുരു ശിഷ്യർക്കു മുന്നിലെത്തി.
അന്നേരം കിളിവാതിലിലൊരു പക്ഷി വന്നിരുന്നു.
അതുപാടാൻ തുടങ്ങി.
അവർ ആ പാട്ടിൽ ലയിച്ചിരുന്നു.
പക്ഷി പറന്നു പോയപ്പോൾ ഗുരു പറഞ്ഞു,
"ഇനി പൊയ്ക്കോളൂ.
ഇന്നത്തെ അധ്യയനം കഴിഞ്ഞു".

# ക്ഷണക്കത്ത്

## മാമ്പഴക്കല്യാണം

പ്രിയ കൂട്ടുകാരാ,

എന്റെ മകൾ മൽഗോവയുടെ
വിവാഹമാണ് . പൊന്തൻമാവിന്റെ മകൻ മൂവാണ്ടനാണ് വരൻ .
തീയ്യതി:2016 ഏപ്രിൽ 11 തിങ്കളാഴ്ച
ഒട്ടുമാവിൻ തോട്ടത്തിലെ നെടുമാവിൻ ചോട്ടിലാണ് വിവാഹം .
താങ്കളെ സ്നേഹപൂർവ്വം വിവാഹത്തിന് ക്ഷണിക്കുന്നു.

എന്ന്
സ്നേഹത്തോടെ,
കർപ്പൂരമാവ് , മാവിൻപറമ്പ് .

# കളിവഞ്ചി

മഴ പെയ്തുതീർന്നപ്പോൾ ആകാശം തെളിഞ്ഞു. സൂര്യൻെറ പ്രകാശം എങ്ങും പരന്നു. തവളകളുടെ ക്രോം ക്രോം ശബ്ദം കേട്ടപ്പോൾ സാജൻ പറമ്പിലൂടെ നടന്ന് തോടിൻെറ അരികിലെത്തി.അവൻ നിറഞ്ഞൊഴുകുന്ന തോട്ടിലേക്കു ഒരു പുൽനാമ്പ് നുള്ളിയിട്ടു. അതു ഒഴുകിപ്പോകുന്നതു കണ്ടപ്പോൾ അവന് മറ്റൊന്ന് ഓർമ വന്നു. അവൻ വേഗത്തിൽ വീട്ടിലേക്കു തിരിച്ചുനടന്നു. കുറച്ചു സമയത്തിനുള്ളിൽ സാജൻ ഒരു കളിവഞ്ചിയുമായി തോടിൻെറ അരികിലെത്തി.അവനതു വെള്ളത്തിൽ ഒഴുക്കിവിട്ടു. ആ സമയം കാർമേഘം സൂര്യനെ മറച്ചു. വീണ്ടും മഴപെയ്യാൻ തുടങ്ങി.

# ബലൂണിലൊരു നാട്

## ചുറ്റൽ

അപ്പു ഉത്സവപ്പറമ്പിൽ എത്തി .
ഉത്സവച്ചന്തയിൽ പലനിറത്തിലുള്ള ബലൂണുകൾ.
അതിലൊരു വലിയ ബലൂൺ.
വലിയ ചുവന്ന ബലൂൺ.
അപ്പു ബലൂൺ വാങ്ങി.
ബലൂണുമായി അപ്പു വയലിലൂടെ ഓടി .
കാറ്റ് വന്നു. വലിയ കാറ്റ് .
ബലൂൺ അപ്പുവിനെയും കൊണ്ട് ഉയർന്നു പൊങ്ങി.
അയ്യോ!പരുന്ത് വരുന്നു

–

# മൂന്ന് പൂച്ചക്കുട്ടികൾ

അപ്പുവിന്റെ വീട്ടിൽ മൂന്ന് പൂച്ചക്കുട്ടികൾ.ഒന്ന്കറുപ്പ്.
മറ്റുള്ളവർ കറുമ്പനെ കൂട്ടത്തിൽ കൂട്ടില്ല. ഒരുമിച്ച് കളിക്കില്ല.
ഉറങ്ങുന്നതു പോലും കറുമ്പൻ ഒറ്റയ്ക്ക് തന്നെ
എന്നാൽ കറുമ്പനോ?...ഒരു പാവം.
അവന് എല്ലാവരേയും ഇഷ്ടമാണ്.
പാണ്ടൻനായ ഇരുട്ടിൽ പമ്മിപമ്മി വന്നു.നായ ഇരുട്ടിൽ
കറുമ്പനെ കണ്ടില്ല. അവൻ മറ്റുള്ളവരെ പിടിക്കാൻ നോക്കി.
കറുമ്പന് അതു സഹിച്ചില്ല. കറുമ്പൻ ഒച്ചയുണ്ടാക്കി ഒറ്റച്ചാട്ടം. ഒച്ച കേട്ട്
അവർ ഉണർന്നു.

# നായയും നിഴലും

ഒരു നായ വിശന്നവലഞ്ഞ്
നടക്കുകയായിരുന്നു. കുറെ ദൂരം നടന്നപ്പോൾ ഒരു കശാപ്പുശാല കണ്ടു.
കശാപ്പുശാലയുടെ അരികെ ധാരാളം അസ്ഥികൾ കൂട്ടിയിട്ടിരിക്കുന്നു.
" ഹായ് കൊള്ളാം , ധാരാളം മാംസമുള്ള എല്ലുകൾ .
ഒരെണ്ണം എടുക്കാം. " ഇങ്ങനെ കരുതിനായ നല്ല മാംസളമായ ഒരു
വലിയ എല്ലുകഷണം കടിച്ചെടുത്ത് വീട്ടിലേക്ക് ഓടി.
വീട്ടലെത്താറായി. ഇനി ഒരു പാലം കടക്കുകയേ വേണ്ടൂ.
നായ പാലത്തിൽ കയറി. താഴെ വെള്ളമാണ്. നായ
വെള്ളത്തിലേക്ക് നോക്കി.
"അമ്പട, വെള്ളത്തിൽ വേറോറു നായ. അ വന്റെ വായിലുമിണ്ട ഒരു
വിലിയ എല്ല്"
നായയ്ക്ക് അതുകണ്ട സഹിക്കാൻ കഴിഞ്ഞില്ല. ആ എല്ലും കൂടെ

കൈക്കലാക്കണമെന്ന് അവൻ  തീരുമാനിച്ചു.
" ബൗ ......ബൗ ......"
പാലത്തിൽ  നിന്ന് വെള്ളത്തിലേക്ക് നോക്കിനായ കരഞ്ഞു.
പ്ലൂം........
എന്ന ശബ്ദത്തോടെ നായയുടെ വായിലുണ്ടായിരുന്ന എല്ല് വെള്ളത്തിലേക്ക് വീണു.

നായയ്ക്ക് സങ്കടമായി. അവൻ  വെള്ളത്തിലേക്ക് സൂക്ഷിച്ചു നോക്കി. എല്ല് വീണപ്പോഴുണ്ടായ അലകൾ  വൃത്തങ്ങൾ  ജലാശയത്തിന് ചുറ്റിലേക്കും പരന്നു മാഞ്ഞു. അപ്പോൾ  നായ തന്റെ  മുഖം അവിടെ തെളിഞ്ഞു കണ്ടു. നായയ്ക്ക് ബോധമുദിച്ചു. തന്റെ  നിഴലാണ് വെള്ളത്തിൽ കണ്ടത്. നായയ്ക്കു മനസ്സിലായി.

വെള്ളത്തിൽ  മുമ്പ് കണ്ട നിഴൽ  വേറെ നായയുടേതാണെന്ന് കരുതിയ അവൻ  തൻെറ  വിഡ്ഢിത്തമോർത്ത് ദുഃഖിച്ചു. 'ഇനി ദുഃഖിച്ചിട്ടെന്തുകാര്യം!' വിശന്ന് വലഞ്ഞ് അവശനായ നായ വേച്ച് വേച്ച് വീട്ടിലേക്ക് നടന്നു.

(കടിച്ചത് വിട്ട് മറ്റൊന്നിനെ പിടിക്കാൻ  പോയാൽ  കടിച്ചതും പിടിച്ചതും പോയതു തന്നെ. അസഹിഷ്ണുതയും അത്യാഗ്രഹവും ആർക്കും ചേർന്നതല്ല.)

# സമ്മാനപ്പൊതി

രാവിലെ അപ്പു കുറച്ചു നേരത്തെ ഉറക്കം എഴുന്നേറ്റു.

ശനിയാഴ്ച സാധാരണ പതിവുള്ളതല്ല ഇത്ര നേരത്തെ ഉള്ള എഴുന്നേൽപ്പ്. ശാന്തി അവനോടു കാര്യം തിരക്കി. " എന്നതാടാ രാവിലെ സ്കൂളിൽ പോണമെന്ന് കരുതി എഴുന്നേറ്റതാണോ. ഇന്ന് ശനിയാഴ്ചയാ മറന്നു പോയോ. മോൻ ഉറങ്ങിക്കോ 'അമ്മ വിളിക്കാം". അവൻ ഉത്തരം ഒന്നും പറഞ്ഞില്ല. ഒരു ചടങ്ങിനെന്ന പോലെ ഉമിക്കരി എടുത്തു പല്ലൊന്നു വെളുപ്പിച്ചു. മുറ്റത്തെ പൊട്ടിയ പ്ലാസ്റ്റിക് ബക്കറ്റിൽ ഇരുന്ന വെള്ളമെടുത്തു വായും മുഖവും ധൃതിയിൽ കഴുകി.
"അമ്മെ ഞാൻ പോവാ"

എങ്ങോട്ടാ കഴിച്ചിട്ടു പോ അപ്പു" ശാന്തി വഴക്ക് പറഞ്ഞു.

"വിശപ്പില്ല അമ്മെ. വന്നിട്ടു കഴിക്കാം."

"പറയുന്നത് കേൾക്ക് അപ്പു" അവൾ പുറത്തേക് വന്നപ്പോഴേക്കും അപ്പു ഇറങ്ങി കഴിഞ്ഞിരുന്നു.

"നിൽക്ക് അപ്പു" എവിടെ കേൾക്കാൻ.

അവൻ റെയിൽവേ പാളത്തിലൂടെ ഓടി അകന്നു.

ഇത്ര തിരക്ക് പിടിച്ചു ഈ ചെറുക്കൻ ഇതെങ്ങോട്ടാ ..... ശാന്തി ആലോചിച്ചു.

അപ്പുവിനെ നമുക്കൊന്ന് പരിചയപ്പെടാം. അവനിപ്പോ ഒൻപത് വയസാകുന്നു. നാലാം ക്ലാസ്സിൽ പഠിക്കുകയാണ് . വഴക്കാളി ഒന്നും അല്ല കേട്ടോ. ഒരു പാവം. ഒരുത്തൻ്റെ പ്രണയത്തിൽ വിശ്വസിച്ചതിനു ശാന്തിക്ക് കിട്ടിയ സമ്മാനം. പക്ഷെ ഉപേക്ഷിച്ചില്ല അവനെ.

ഹോട്ടലുകളിൽ പാത്രം കഴുകിയും തൂത്തുവാരിയും ഒക്കെ അവനെ വളർത്തി. പഠിപ്പിച്ചു. അമ്മയുടെ കഷ്ടപ്പാടുകൾ എല്ലാം ഈ ചെറു പ്രായത്തിൽ തന്നെ അവനു നല്ല പോലെ അറിയാം. ഇന്ന് വരെ ഒന്നിനും വാശി പിടിച്ചിട്ടില്ല . പുത്തൻ ഉടുപ്പും കളിപ്പാട്ടവും എല്ലാം അവന്റെ ഉള്ളിലെ ആഗ്രഹം മാത്രമാണ്. ഒന്നും അമ്മയോട് പറയാറില്ല. അമ്മയുടെ ബുദ്ധിമുട്ടുകൾ മനസിലാക്കാൻ പ്രായത്തിൽ കവിഞ്ഞ ഒരു പക്വത ഉണ്ടവന്.

"എന്താ ശാന്തിയെ ഇവിടെ നില്കുന്നെ" അയലപ്പക്കത്തെ ലളിത ചേച്ചി ചോദിച്ചു. ചേച്ചി ടൗണിലെ ആശുപത്രിയിൽ തൂപ്പുകാരിയാണ്.

"ഒന്നുല്ല ചേച്ചി. ചെറുക്കനോട് കഴിച്ചിട്ട് പോകാൻ പറഞ്ഞതാ. അവൻ ഓടി. ചേച്ചി ആശുപത്രിലേക്കാണോ ? "

അതെ ...പോട്ടെ ശാന്തിയെ ഇപ്പഴേ വൈകി. നിനക്കിന്ന് പണിക്കു പോകണ്ടേ. "

"പോണം ചേച്ചിയെ...ഞാനും ഒരുങ്ങട്ടെ. " ശാന്തി വീട്ടിലേക്ക് നടന്നു.

അപ്പുവിനുള്ള ചോറും മറ്റും എടുത്തു വച്ചിട്ട് ശാന്തിയും ഒരുങ്ങി ഇറങ്ങി.

സമയം ഉച്ചക്ക് ഒന്നരയായി. ശാന്തി തന്റെ ഊണ് പൊതിയെടുത്തു. അപ്പോഴാണ് ലളിത ചേച്ചിടെ ഫോൺ. ശാന്തി ജോലി ചെയുന്ന ഹോട്ടലിൽ നിന്ന് വളരെ അകലെ അല്ല ലളിതച്ചേച്ചിയുടെ ജോലിസ്ഥലം. "ശാന്തിയെ നീ ഹോട്ടലിൽ ആണോ".

"അതെ ചേച്ചി. എന്തേ"

"നീ വേഗം ആശുപത്രിടെ അടുത്തേക്ക് വന്നേ"

"എന്താ ചേച്ചി. കഴിച്ചിട്ട് വരാം"

"പിന്നെ കഴിക്കാം. നീ ഒന്ന് വേഗം വാ ശാന്തിയെ"

"ചേച്ചി കാര്യം പറ" അപ്പോഴേക്കും ലളിത ചേച്ചി ഫോൺ കട്ട് ചെയ്തു.

ഊണ് പൊതി മടക്കി വച്ചിട്ട് ശാന്തി പുറത്തേക്കിറങ്ങി.

ശാന്തിയുടെ മനസ്സിൽ ഭയം മുളപൊട്ടി. പതിവില്ലാത്ത ഒരു ഫോൺ വിളിയാണ്. എന്താ പ്രശ്നം എന്നെങ്കിലും ഒന്ന് പറഞ്ഞിരുന്നേ ആശ്വാസം ആയേനെ. ഈശ്വര ഇനി അപ്പൂന് എന്തെങ്കിലും ? ഒരായിരം ചോദ്യങ്ങൾ ശാന്തിയുടെ മനസിലൂടെ സഞ്ചരിച്ചു.

ശാന്തി ഒരു വിധം ഓടി കിതച്ച് ലളിതേച്ചിയുടെ അടുത്തെത്തി.

"എന്താ ലളിതേച്ചിയെ. ഇനിയെങ്കിലും നിങ്ങൾ കാര്യം പറ"

ആശുപത്രി ടെ അടുത്ത് ഒരു ചെറിയ തുണിക്കടയിലേക്കു ലളിത അവരെ കൊണ്ട് പോയി. അവിടെ ഒരു ചെറിയ ആൾക്കൂട്ടം ഉണ്ട് . ശാന്തി അവിടേക്കു ചെന്ന് നോക്കിയപ്പോൾ നടുക്ക് അപ്പു നിന്ന് കരയുന്നുണ്ട്.

എന്താ മോനെ എന്ത് പറ്റി" പരിഭ്രാന്തിയോടെ ശാന്തി ചോദിച്ചു.

"നിങ്ങൾ ആരാ ഈ കൊച്ചിന്റെ " അവന്റെ അടുത്ത് നിന്ന ഒരു മധ്യവയസ്കൻ ചോദിച്ചു.

"എന്റെ മോനാ സാറേ. എന്ത് പറ്റി . എന്താ കാര്യം."

"ഈ ചെറു പ്രായത്തിലെ മോഷണം പഠിപ്പിച്ചു വച്ചേക്കുവാണോ ചെക്കനെ. ദേ തുണിക്കടയിൽ വച്ചിരുന്ന സാരി അടിച്ചോണ്ടു പോവാൻ നോക്കി . എന്റെ പണിക്കാര് കണ്ടു കള്ളനെ കയ്യോടെ പിടിച്ചു. ഞാൻ ഈ കടേടെ മുതലാളിയാ. ഇവനെ ഒക്കെ ഇപ്പഴേ പോലീസിനെ കൊണ്ട് പാഠം പഠിപ്പിച്ചാലേ നന്നാവുള്ളൂ. "

അയാൾ ആക്രോശിച്ചു.

"അയ്യോ സാറെ പോലീസിനെ ഒന്നും വിളിക്കല്ലേ. എനിക്ക് അറിയാവുന്നവരാ. ഞങ്ങൾ അപ്പുറത്തെ കോളനിയിൽ താമസിക്കുന്നവരാ. അവൻ അങ്ങനെ ഒന്നും ചെയുന്ന കുട്ടി അല്ല. എന്തോ അബദ്ധം പറ്റിയതാ സാറെ . ക്ഷെമിക്കണം. " ലളിതേച്ചി കൈ കൂപ്പി പറഞ്ഞു.

"രാവിലെ കുറെ നാണയ തുട്ടുമായിട്ട സാരി വേണംന് പറഞ്ഞു വന്നതാ. ഈ കാശിനു കിട്ടില്ലെന്നു പറഞ്ഞു മടക്കി അയച്ചു. അതിന്റെ ദേഷ്യം തീർക്കാൻ വന്നതാ അവൻ." കടക്കാരൻ പറഞ്ഞു.

ആൾക്കൂട്ടത്തിനിടയിൽ തന്റെ മകൻ കള്ളനായി നിക്കുന്നത് കണ്ട ശാന്തിയുടെ മനസ്സിൽ എന്തെന്നില്ലാത്ത സങ്കടവും ദേഷ്യവും വന്നു.

"എന്തിനാടാ മോഷ്ടിച്ചത്" ശാന്തി ചോദിച്ചു.

പേടിച്ചരണ്ട് നിന്ന അപ്പൂന് ഒന്നും മിണ്ടാൻ സാധിച്ചില്ല. കരയുക മാത്രം ചെയ്ത് അവൻ അങ്ങനെ നിന്നു.

"ചോദിച്ചാൽ എന്താടാ ഉത്തരം പറയാത്തെ"

കരച്ചിൽ അടക്കാനാകാതെ ശാന്തി അവനെ ആൾക്കൂട്ടത്തിൽ പൊതിരെ തല്ലി.

"കള്ളൻ ആകാനാണോടാ നിന്നെ ഞാൻ ഇത്രയും വളർത്തിയത് . പറയടാ" അവൾ എല്ലാ ദേഷ്യവും അവന്റെ കുരുന്ന് ശരീരത്തിൽ തല്ലി തീർത്തു.

ലളിത ശാന്തിയെ പിടിച്ചു മാറ്റി .

തല്ലി കൊല്ലാതെ മോളെ അവനെ. അവൻ കുഞ്ഞല്ലേ"

"സത്യം പറയാതെ ഇവനെ വിടില്ല ലളിതേച്ചി ഞാൻ. ചേച്ചിക്ക് അറിയില്ലേ എന്റെ കഷ്ടപാടുകൾ. മാനം കളയാനായിട്ട" അവൾ കരഞ്ഞു.

ആൾക്കൂട്ടം പിരിഞ്ഞു തുടങ്ങി

"മോനെ . സത്യം പറ. എന്തിനാ അത് എടുത്തത്. ലളിതാമ്മയോടു പറ" ലളിത അവനെ തലോടി കൊണ്ട് ചോദിച്ചു.

"മോൻ കരയാതെ. അമ്മ വന്നില്ലേ. പറ" അവന്റെ കണ്ണനീർ തുടച്ചു കൊണ്ട് അവർ ചോദിച്ചു

അവൻ പതിയെ പറഞ്ഞു തുടങ്ങി "ലളിതാമ്മ അല്ലെ പറഞ്ഞെ അമ്മേടെ പിറന്നാളാ അടുത്ത ആഴ്ച്ചേന്. അമ്മക്ക് സമ്മാനം മേടിക്കാൻ വന്നതാ. കൂട്ടുകാർ എല്ലാം അമ്മമാർക്ക് സമ്മാനം കൊടുക്കും. അപ്പു മാത്രം കൊടിത്തിട്ടില്ല. ഇത്തവണത്തെ പിറന്നാളിന് അമ്മക്ക് സമ്മാനം മേടിക്കാൻ വന്നതാ. എന്റെ കുടുക്കെലെ മുഴുവൻ പൈസയും ഈ മാമന് കൊടുത്ത സാരി മേടിക്കാൻ. ഈ പൈസക്ക് കിട്ടില്ലെന്നു പറഞ്ഞു എന്നെ പറഞ്ഞു വിട്ടു". കൈയിലെ പ്ലാസ്റ്റിക് കൂടിൽ കുറെ ചില്ലറ തുട്ടുകളുമായി അവൻ അയാളെ നോക്കി.

"അമ്മക്ക് സമ്മാനം കൊടുക്കണംന് കുറെ നാളായിട്ടു ആഗ്രഹിച്ചതാ. കിട്ടില്ലെന്നു പറഞ്ഞപ്പോ വിഷമം ആയി" അപ്പുന് കരച്ചിൽ നിർത്താൻ കഴിഞ്ഞില്ല. ലളിതേച്ചി ശാന്തിയെ ഒന്ന് നോക്കി. അല്പനേരത്തേക്ക് ആരും ഒന്നും മിണ്ടിയില്ല. കടക്കാരനും അകത്തേക്കു കയറി പോയി.

"വാ നമുക്ക് വീട്ടിൽ പോകാം" ലളിതേച്ചി പറഞ്ഞു "വാ ശാന്തി "

അവർ വീട്ടിലേക്കു നടന്നു . "ഇനി കുഞ്ഞിനെ ഒന്നും ചെയ്യരുത് ശാന്തിയെ . അവൻ നല്ല പോലെ പേടിച്ചിരിക്കുവാ" . ശാന്തിയെയും അപ്പുനേം വീട്ടിൽ വിട്ടിട്ടു ലളിതേച്ചി നടന്നു.

അപ്പൂന്റെ കരച്ചിൽ മാറിയിട്ടില്ല . ശാന്തിക്കും അവന്റെ മുഖം കണ്ടപ്പോൾ സങ്കടം തോന്നി.

"മോൻ കരയണ്ട. അപ്പൊ അമ്മക്ക് വല്ലാതെ വിഷമം വന്നിട്ട് തല്ലി പോയതാ. എന്റെ അപ്പൂനെ ആരേലും കള്ളൻ ന്ന വിളിച്ച അമ്മക്ക് സഹിക്കില്ല. " അവന്റെ നെറ്റിയിൽ ഒരു ഉമ്മ കൊടുത്തിട്ട് ശാന്തി പറഞ്ഞു.

"അമ്മേക്ക് സമ്മാനം മേടിക്കണം ന്ന ഒത്തിരി നാളായി ആഗ്രഹിച്ചതാ. ഇനി അടുത്ത പിറന്നാളിന് മേടിച്ച് തരാം. " ആഗ്രഹങ്ങൾ ഒന്നും ഇല്ലാത്ത അപ്പൂന്റെ കൊച്ചു ജീവിതത്തിൽ ഇങ്ങനെ ഒരു ആഗ്രഹം ഉണ്ടെന്നു അറിഞ്ഞ ശാന്തിക്ക് അവനോട് വല്ലാത്തൊരു വാത്സല്യം തോന്നി.

"സാരമില്ല. മോൻ വിഷമിക്കണ്ട . അതിനല്ലേ മോനെ സ്കൂളിൽ വിടുന്നത്. പഠിച്ച് വലിയ ജോലി ഒക്കെ മേടിച്ചിട്ട് അമ്മക്ക് സമ്മാനം തന്നാ മതി കെട്ടോ. ഒരിക്കലും മോഷ്ടിക്കരുത്" അവൾ അവനെ തലോടി കൊണ്ട് പറഞ്ഞു.

രാത്രി അപ്പൂനെ ഉറക്കിയിട്ട് ശാന്തിക്ക് ഉറക്കം വരുന്നില്ല. ആഗ്രഹങ്ങൾ ഒന്നും തന്നെ ഇല്ലാത്ത അവന് ഈ ഒരു ചെറിയ ആഗ്രഹം നടക്കാതെ പോയത് ഒരു പക്ഷെ താങ്ങാൻ കഴിഞ്ഞു കാണില്ല. അവന്റെ ശരീരത്തിലെ അടിയുടെ പാടുകളിൽ തടവി ശാന്തി ഇരുന്നു. പാവം കുട്ടിയാണ് അവൻ. രാവിലെ ആഹാരം പോലും കഴിക്കാതെ ഒന്നും പറയാതെ രാവിലെ ഓടി പോയത് എന്ത് പ്രതീക്ഷയോടെ ആകും അവൻ. അത് കിട്ടില്ലെന്ന് അറിഞ്ഞപ്പോ എന്റെ കുഞ്ഞിന്റെ മനസ് ഇടറിക്കാണും. അവന്റെ ആവശ്യങ്ങൾക്ക് ഇന്ന് വരെ ഒരു കള്ളവും അവൻ പറഞ്ഞിട്ടില്ല. ശാന്തിക്ക് കരച്ചിലടക്കാൻ സാധിച്ചില്ല.

ഓരോന്ന് ആലോചിച്ചും കരഞ്ഞും ശാന്തി എപ്പോഴോ ഉറങ്ങി പോയി.

രാവിലെ കതകിൽ ആരോ മുട്ടുന്നത് കേട്ടാണ് ശാന്തി എഴുനെല്കുന്നത്. ശബ്ദം കേട്ട് അപ്പുവും എഴുന്നേറ്റു

"ആരാണ് നോക്കട്ടെ അമ്മ" ശാന്തി എഴുന്നേറ്റ് കതക് തുറന്നു. ആരാണ് വന്നതെന്ന് ശാന്തിക്ക് പെട്ടെന്ന് മനസിലായില്ല.

"ഞാൻ ഇന്നലെ ..... ആ തുണിക്കടേടെ....."അയാൾ പറഞ്ഞു

ശാന്തി ഒന്ന് പേടിച്ചു. "എന്താ സാറേ കാര്യം."

അപ്പോഴേക്കും അപ്പുവും പുറത്തെത്തി. അയാളെ കണ്ടപ്പഴേ അപ്പു അമ്മയുടെ പിറകിൽ ഒളിച്ചു"

"മോൻ പേടിക്കണ്ട . മാമൻ വഴക്ക് പറയാൻ വന്നതല്ല." അയാൾ ചിരിച്ചു കൊണ്ട് പറഞ്ഞു.

"രാത്രിയിൽ ഉറങ്ങാൻ പറ്റിയില്ല. ഒരു കുഞ്ഞിനെ ഇത്രയും ആളുകളുടെ മുന്നിൽ വച്ച് അപ്പോഴത്തെ ഒരു ദേഷ്യത്തിന് എന്തൊക്കെയോ പറഞ്ഞു. ക്ഷെമിക്കണം." അയാൾ ശാന്തിയോട് പറഞ്ഞു.

അയാൾ അപ്പോൺ മുൻപോട്ടു പിടിച്ചു നിർത്തി "മോൻ പോയി കഴിഞ്ഞു മാമൻ നോക്കിയപ്പോഴാ മോന്റെ പൈസക്ക് കിട്ടുന്ന സാരി അവിടെ ഇരിക്കുന്നത് കണ്ടത് . അതാ രാവിലെ ഇങ്ങോട്ടു കൊണ്ട് വന്നത്. ദാ ഇതാ നോകിയെ. നല്ലതാണോ?". തന്റെ കൈയിൽ ഇരുന്ന ഒരു കവർ അപ്പുന് കൊടുത്തു അയാൾ ചോദിച്ചു. അപ്പു അതിലേക്കു നോക്കി. ഒരു സാരി. ഉറക്കച്ചടവ് മാറാത്ത ആ കുഞ്ഞു മുഖത്തു ഒരു ചെറിയ ചിരി വിടർന്നു. "ഇതൊന്നും വേണ്ട സാറേ" ശാന്തി അയാളോട് പറഞ്ഞു.

അങ്ങനെ പറയരുത്. ഇന്നലെ ഇവന്റെ കണ്ണുനീർ കണ്ടപ്പോ മുതൽ ഒരു സമാധാനം ഇല്ല. അതാ ഈ കോളനിയിൽ ആണെന്ന് ആ ചേച്ചി പറഞ്ഞതനുസരിച്ചു വീടന്വേഷിച്ചു വന്നത്." ഇപ്പൊ ഇവന്റെ സന്തോഷം കണ്ടപ്പോ എന്റെ മനസ്സ് അതിലേറെ സന്തോഷിച്ചു. എങ്കിൽ ഞാൻ ഇറങ്ങട്ടെ."

"മോനെ മാമൻ പോവാണ്. " അയാൾ അപ്പുവിന്റെ തലയിൽ ഒന്ന് തൊട്ടു കൊണ്ട് പറഞ്ഞു. അപ്പുവിന്റെ മുഖത്തെ അത്ഭുതം ഇപ്പഴും മാറിയിട്ടില്ല. അയാൾ നടന്നകന്നു. "കുറച്ചകലെ നടന്നകന്നപ്പോ പിറകിൽ നിന്നും ഒരു വിളി . "മാമാ"

അത് അപ്പുവാണ്. "എന്താ മോനെ.

" പൈസ തരാൻ മറന്നു " മുഷിഞ്ഞ പ്ലാസ്റ്റിക് കവറിലെ നാണയ തുട്ടുകൾ അവൻ നീട്ടി

അയാൾ സ്നേഹത്തോടെ അവന്റെ കവിളിൽ നുള്ളി. 'അമ്മയുടെ പിറന്നാളല്ലേ. അപ്പൊ മുട്ടായി മേടിക്കാം . സൂക്ഷിച്ച് വെച്ചോ കേട്ടോ." അയാൾ നടന്നകന്നു . മനസ്സിൽ നിറയെ സന്തോഷമായി. തന്റെ അമ്മക്കുള്ള സമ്മാനം നെഞ്ചോട് ചേർത്ത് വച്ച് അപ്പു അയാളെ നോക്കിനിന്നു.

# കുസൃതി

ഒരു കൊച്ചുകുട്ടിയുമായി എതിർ സീറ്റിൽ ഒരു മധ്യവയസ്കൻ
കുട്ടി മഹാ കുസൃതി .....വികൃതിയെന്നും പറയാം .....

ട്രെയിനിൽ യാത്രക്കാരെല്ലാം കുട്ടിയേയും അച്ഛനേയും ശ്രദ്ധിക്കുന്നു ..
അതിലല്പം അങ്കലാപ്പ് അയാളിലുണ്ട് ...

ഇതെല്ലം ശ്രദ്ധിച്ചു സൗദാമിനി ടീച്ചർ എതിർ സീറ്റിലും .....

ട്രെയിൻ യാത്ര രാവിലെ തുടങ്ങിയതാണ് ..
കൊല്ലത്തെത്താൻ ഇനിയും മണിക്കൂറുകൾ ....
കുട്ടി ആദ്യം എതിരെയിരുന്ന ബാഗ് തട്ടി താഴെയിട്ടു ...

അച്ഛൻ അല്പം ഉച്ചത്തിൽ പറഞ്ഞു " അടങ്ങു മാധവാ "

കുട്ടി അല്പനേരം നിശബ്ദനായി അടങ്ങിയിരുന്നു .....

പത്തു മിനിറ്റ് കഴിഞ്ഞിട്ടുണ്ടാവണം അടുത്ത സീറ്റിലെ യാത്രക്കാരൻ
വാങ്ങിയ ചായ തട്ടി താഴെയിട്ടു .....

വീണ്ടും അച്ഛൻ അല്പം ഉച്ചത്തിൽ പറഞ്ഞു " അടങ്ങു മാധവാ "
പയ്യൻ അടങ്ങിയിരുന്നു ........
മധ്യവയസ്കനായ അച്ഛൻ പത്രവായനയിലാണ് ....
ഒരു പത്തു മിനിറ്റ് വീണ്ടും ....

പയ്യൻസ് മുകൾ ബെർത്തിൽ കയറാനൊരു ശ്രമം ..
ശ്രമം പാളി ടീച്ചറിന്റെ മുതുകത്തു ....

വീണ്ടും അച്ഛൻ പല്ലു കടിച്ചു പതുക്കെ പറഞ്ഞു " അടങ്ങു മാധവാ "

ഒരു പത്തു ഇരുപതു തവണയെങ്കിലും ഈ " അടങ്ങു മാധവാ " പ്രയോഗം
ടീച്ചർ കേട്ടു...
സത്യത്തിൽ ടീച്ചർ ഓർത്തു , എന്ത് നല്ല അച്ഛൻ ..എന്റെ
ഭർത്താവായിരുന്നെങ്കിൽ ....

എന്തായേനെ പുലിവാല് ....

നല്ലൊരു അച്ഛൻ ....അച്ഛന്മാരായാൽ ഇങ്ങനെ വേണം ..എന്നാലും പയ്യന്റ വികൃതി അല്പം കൂടുതൽ തന്നെ ,,,
സ്റ്റേഷൻ കൊല്ലം അടുത്തു....

ടീച്ചർ ഒരു സൗഹൃദം ചോദിച്ചു ........
മാധവൻ അല്പം വികൃതിയാണല്ലേ ????

മനസ്സിലായില്ല .....മറുപടി അല്പം രൂക്ഷം .....

അല്ല....മോന്റെ പേര് മാധവൻ എന്നല്ലേ അവൻ അല്പം വികൃതിയാണല്ലേ ?
....ടീച്ചർ മൊഴിഞ്ഞു ..

മറുപടി ഇടിവെട്ട് ...അല്ല ഞാനാണ് മാധവൻ ...........

# മഹത് ചിന്തകൾ

"അഹിംസയ്ക്ക് ഒരു
ഇരട്ടവിശ്വാസം ആവശ്യമാണ്.
ഈശ്വരനിലും
മനുഷ്യനിലുമുള്ള വിശ്വാസം."

മഹാത്മാഗാന്ധി

അനാഥരുടെ മുതൽ നിങ്ങൾ അവർക്ക്
തിരിച്ചുകൊടുക്കുക. അവരുടെ
മുതൽ സ്വന്തം മുതലിനോടു ചേർക്കരുത്.
അതു മഹാപാപമാകുന്നു .

ഖുർആൻ

ഈ ദിനത്തെ അർഥപൂർണമാക്കു.
എന്തെന്നാൽ, നാളെയെന്തെന്ന്
ആരു കണ്ടു?

മഹാത്മാഗാന്ധി

# ലേഖനങ്ങൾ

# ഉറൂബിന്റെ രചനാസവിശേഷതകൾ

മനുഷ്യനന്മയിൽ അടിയുറച്ചു വിശ്വസിച്ച എഴുത്തുകാരനാണ് ഉറൂബ്.അദ്ദേഹത്തിന്റെ പ്രശസ്ത നോവലായ ഉമ്മാച്ചു സാധാരണ മനുഷ്യരുടെ ജീവിതത്തിന്റെ സത്യസന്ധമായ ആവിഷ്കാരമാണ്.പ്രസാദവും മാധുര്യവും ഊറിനിൽക്കുന്ന, ദൃശ്യഭാഷയോട് അടുത്തുനിൽക്കുന്ന ഭാഷാശൈലി ഇതിന്റെ രചനയ്ക്കായ് സ്വീകരിച്ചിരിക്കുന്നു.
ഉമ്മാച്ചു എന്ന നോവലിലേക്ക് ഇറങ്ങിച്ചെല്ലുകയാണെങ്കിൽ ഈ പ്രത്യേകത മനസിലാകും.

മായനെ സ്നേഹിക്കുകയും ബീരാനെ വിവാഹം കഴിക്കേണ്ടി വരികയും ചെയ്ത ഉമ്മാച്ചുവാണ് ഇതിലെ കേന്ദ്ര കഥാപാത്രം. ഉമ്മാച്ചുവിനോടുള്ള ഭ്രാന്തമായ സ്നേഹത്താൽ മായന് ബീരാനെ വധിച്ച് ഉമ്മാച്ചുവിനെ വിവാഹം കഴിക്കുന്നതാണ് കഥാതന്തു. ഇതിനിടയിൽ ഒളിഞ്ഞും തെളിഞ്ഞും പോകുന്ന ജീവിതവും കാണാം. അഹമ്മദുണ്ണിയുടെ മകനായ ഹസ്സനൊപ്പം താമസിച്ചു വരുന്ന മായനെ മകനായ മരയ്ക്കാർ അന്വേഷിച്ചു കണ്ടെത്തുന്നതാണ് വെളിച്ചത്തിന്റെ വിരലുകൾ എന്ന നോവൽഭാഗത്ത് അവതരിപ്പിക്കുന്നത്. മനസ്സിൽ നന്മ സൂക്ഷിക്കുന്ന യുവാവാണ് ഹസ്സൻ . ആരും ആശ്രയമില്ലാത്ത ആമിനയെയും പിതാവിന്റെ എതിരാളിയായ മായനെയുമെല്ലാം ഏറ്റെടുത്ത് സംരക്ഷക്കുന്ന ഹസ്സൻ എന്ന കഥാപാത്രം നന്മയുടെ ആൾരൂപമാണ്.

മായനും മരയ്ക്കാരും തമ്മിലുള്ള സ്നേഹം, ഹസ്സനും ആമിനയും തമ്മിലുള്ള സ്നേഹം എന്നിവയിലെല്ലാം മനുഷ്യനന്മയുടെ പ്രകാശമുണ്ട് . ഹസ്സന്റെ തോളിൽ തലചായ് ച്ച്

കണ്ണീരൊഴുക്കുന്ന മായന്റെ ദൃശ്യം ആർക്കും മറക്കാനായില്ല. ചെറിയ ചെറിയ തെറ്റുകുറ്റങ്ങളെല്ലാം ഉണ്ടെ ലും അടിസ്ഥാനപരമായി മനുഷ്യൻ നല്ലവനാണ് എന്നുതന്നെയാണ് 'ഉമ്മാച്ചു' വിലെ കഥാപാത്രങ്ങൾ തെളിയിക്കുന്നത്. സ്നേഹത്തിന്റെ ഭിന്നതലങ്ങൾ 'വെളിച്ചത്തിന്റെ വിരലുകളി'ൽ തെളിഞ്ഞുനിൽക്കു- ന്നു. വഞ്ചിക്കപ്പെട്ട ആമിനയെയും അവളുടെ കുട്ടിയെയും ഏറ്റെടുക്കാൻ ഹസ്സൻ സന്മനസ്സുകാണിക്കുന്നത് , ആമിനയ്ക്ക് ശുഭാപ്തി വിശ്വാസമുണ്ടാക്കാൻ കർണാടകക്കാരിത്തള്ളയെ സഹായത്തിന് നിർത്തുന്നത്,ഹസ്സൻ ദൈവതുല്യനാണെന്ന ആമിനയുടെ പരാമർശം ഇവയെല്ലാം ഇത് തെളിയിക്കുന്നുണ്ട്. ഇവിടെ വെളിച്ചം സ്നേഹമാണ്, നന്മയാണ്. മനുഷ്യനന്മയിലുള്ള വിശ്വാസം ഉറൂബിന്റെ ജീവിതദർശനമാണ്. ഏതു വേദനയിലും ജീവിതം സുന്ദരമാണെന്നതാണ് അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. സ്നേഹിക്കുന്നവർക്ക് വേദന സ്വാഭാവിമാണ്.

# ഉള്ളൂരിന്റെ

# സാഹിത്യസംഭാവനകൾ

ആധുനികകവിത്രയത്തിൽപ്പെട്ട കവിയായിരുന്നു ഉള്ളൂർ.മഹാകാവ്യങ്ങൾ, ലഘുകവിതകൾ,സാഹിത്യചരിത്രം,
ഗവേഷണപ്രബന്ധങ്ങൾ എന്നിങ്ങനെ ഉള്ളൂരിന്റെ സംഭാവാനകൾ അതി വിപുലമാണ്. മഹാകവിയായ പണ്ഡിതൻ കൂടിയായ ഉള്ളൂരിനെ ഉജ്ജ്വശബ്ദാഢ്യൻ എന്നാണ് വിശേഷിപ്പിക്കുന്നത്.
കഠിനവും പണ്ഡിതോചിതവുമായിരുന്നു അദ്ദേഹത്തിന്റെ ഭാഷാശൈലി. പുരാണസംബന്ധവും ഐതിഹ്യപരവുമായ ഇതിവൃത്തങ്ങളായിരുന്നു ഇദ്ദേഹത്തിന്റെ മിക്ക കൃതികളിലെയും പ്രതിപാദ്യം.അഞ്ചു വാല്യമുള്ള 'കേരള സാഹിത്യ ചരിത്രം' അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിന്റെയും ഭാഷാ സേവനത്തിന്റെയും മികച്ച ഉദാഹരണമാണ്.

# വൈലോപ്പിള്ളിക്കവിതകളുടെ പ്രത്യേകതകൾ

കാല്പനികതയുടെ നിഴലിൽ നിന്ന് മാറി അനുഭവങ്ങളെ കവിതയ്ക്ക് വിഷയമാക്കിയ കവിയാണ് വൈലോപ്പിള്ളി. അനുഭവങ്ങളെ അതേപടി പകർത്താതെ അത് മനസ്സിലിട്ട് ജീവിതദർശനമാക്കിയാണ് അദ്ദേഹം അവതരിപ്പിച്ചത്. ജീവിതമാകുന്ന കടലിനെ മഷിക്കുപ്പിയാക്കിയാണ് അദ്ദേഹം കവിതകൾ എഴുതിയത്. മാമ്പഴത്തിലൂടെ മലയാളികളുടെ കണ്ണിനെ ഈറനണിയിച്ച ആ തൂലികയിൽ നിന്ന് പിന്നീട് വിടയും പടയാളികളും കുടിയൊഴിക്കലും കന്നിക്കൊയ്ത്തും മകരക്കൊയ്ത്തുമെല്ലാം പിറന്നു. ജീവിതത്തിന്റെ കയ്പും മധുരവുമെല്ലാം വൈലോപ്പിള്ളിക്കവിതയിൽ ഇടകലരുന്നു.വികാരങ്ങളല്ല ,വിചാരങ്ങളാണ് വൈലോപ്പിള്ളിക്കവിതയെ ഈടുറ്റതാക്കുന്നത്. തന്നെ ഏറെ സ്വാധീനിച്ച അനുഭവങ്ങളാണ് അദ്ദേഹം സൂക്ഷമമായി ആവിഷ്കരിച്ചത്. പ്രബോധകത്വം നിറഞ്ഞ കവിതകളായിരുന്നു അദ്ദേഹത്തിന്റേത്.കാണുന്ന കിനാവല്ല വിവരിക്കുന്ന,വിസ്തരിക്കുന്ന സ്വപ്നങ്ങളാണ് വൈലോപ്പിള്ളി കവിത.വിതയുടെയും കൊയ്ത്തിന്റെയും അതായത് ജീവിതത്തിന്റെയും മരണത്തിന്റെയും തത്ത്വശാസ്ത്രമാണ് അദ്ദേഹം അവതരിപ്പിച്ചത്.ജീവനെക്കൊണ്ട് വിധിയെ തിരുത്തുന്ന രീതി വൈലോപ്പിള്ളിക്കവിതയിലുണ്ട്.മാമ്പഴം,കുടിയൊഴിക്കൽ, തുടങ്ങിയ കവിതകളിൽ ഇത് കാണാം.പ്രകൃതിയിൽ മനുഷ്യൻ ചെയ്യുന്ന പ്രവൃത്തികളിലാണ് വൈലോപ്പിള്ളിയുടെ ശ്രദ്ധ.പാണനായും പുള്ളുവനായുമൊക്കെ എല്ലാവരുടെയും എക്കാലത്തിന്റെയും നാദമായി വൈലോപ്പിള്ളിക്കവിതകൾ പുതുമയോടെ ഇന്നും നിലനിൽക്കുന്നു.കാലത്തോടും ലോകത്തോടും ലയിച്ചുചേരുന്ന

വൈലോപ്പിള്ളിക്കവിത മൃത്യുവിനെ മറികടക്കുന്നവയാണ്,കാലത്തെ അതിജീവിക്കുന്നവയാണ്.ഇതാണ്
കവിതയുടെ മൃത്യുഞ്ജയം.ഒഴുകിക്കൊണ്ട് നിലനിൽക്കുന്ന നദിപോലെ പുതുമയുള്ളതായി വൈലോപ്പിള്ളിക്കവിത മാറുന്നു. കാച്ചിക്കുറുക്കിയ കവിതകളാണ് വൈലോപ്പിള്ളിയുടേത്.കോപ്പ നിറഞ്ഞാലും അർത്ഥം തുളുമ്പാത്ത ഭദ്രമായ കവിതകളാണ് അദ്ദേഹം എഴുതിയത്.സംശയങ്ങളിട്ട് ഉറപ്പിക്കുന്ന ഉത്തരങ്ങളാണവ. അനുഭങ്ങളെ അർത്ഥപൂർണമായ ലഹരിയാക്കിമാറ്റുന്ന അദ്ദേഹം ഓർമകളുടെ കവിയാണ്.
വിശ്ശകയും കൊയ്യും ചെയ്യുമ്പോഴും പുതിയ സന്താനപരമ്പരയെ സൃഷ്ടിച്ചുകൊണ്ട് ജീവിതം നശിക്കാതെ നിലനിൽക്കുന്നു എന്ന ദർശനത്തിലൂടെ ജീവിതത്തിന്റെ നൈരന്തര്യബോധം കവി അവതരിപ്പിക്കുന്നു.കണ്ണീരുകൊണ്ട് നനച്ച് മരണം കൊണ്ട് വളമിട്ടു വളർത്തുന്ന ഒരു മരത്തിന്റെ കാവൽക്കാരനായ വൈലോപ്പിള്ളി കവിതയിലൂടെ മൃത്യുവിനെ ജയിച്ച കവിയാണ്.

# പ്രകൃതിയെ ആരാധിച്ച പി

പ്രകൃതിയിലെ സൗന്ദര്യാംശങ്ങൾ കാവ്യത്തിലൂടെ ആവിഷ്കരിച്ച ,പ്രകൃതിയെ ആരാധിച്ച കവിയാണ്
പി.കുഞ്ഞിരാമൻനായർ.ഇദ്ദേഹത്തിന്റെ കളിയച്ഛൻ എന്ന കവിതയും കവിയുടെ കാല്പാടുകൾ എന്ന ആത്മകഥയും പ്രകൃതിസൗന്ദര്യം അടയാളപ്പെടുത്തിയ രചനകൾക്ക് മികച്ച ഉദാഹരണങ്ങളാണ്. പൊന്നിൻ മലരു തരികെന്ന് തെന്നൽക്കുറിപ്പ്
അയക്കുന്ന  ഉഷസ്സ് എന്ന വർണ്ണന പ്രകൃതിയെ ആരാധിക്കുന്ന ഒരു കവിയുടെ തൂലികത്തുമ്പിൽ
മാത്രം വിരിയുന്ന വാക്കുകളാണ്.മിന്നലും ഇടിയും മഴയും ഒപ്പമെത്തുന്ന ആകാശം കാണുമ്പോൾ
ആകാശം കടലിരമ്പമായി എന്നെഴുതാനും പ്രകൃതിയെ ഉപാസിക്കുന്ന ഒരു കവിക്കേ കഴിയൂ. സ്വർണ്ണം വിളയുന്ന കിഴക്കേ ദിക്ക്,ചെങ്കതിർ
മാല ചൊരിയുന്ന ഉദയസൂര്യപ്രഭ  തുടങ്ങിയ വർണ്ണനകളിലൊക്കെ പ്രകൃത്യോപാസകനായ
കവിയെ നമുക്ക് കാണാം.

# ആശാൻ എന്ന മാനി

ഒറ്റക്കണ്ണനായ പകലവൻ അസ്തമിച്ചു . സഹസ്രക്ഷനായ രാത്രി വന്നു. ഞാൻ തേക്കിൻക്കിലൂടെ പടിഞ്ഞാട്ടു നടന്നു. വാദ്യങ്ങളോടും വെടിക്കെട്ടുകളോടും കൂടി മെല്ലെമെല്ലെ വിദ്യാർഥി കോർണറിലെ ബഹുജനസമുദ്രത്തിൽ ഒലിച്ചുവന്നുവിലയിച്ച ഘോഷയാത്രയിൽ ഉയർന്നു നിൽക്കുന്ന രൂപത്തിന്മേൽ എന്റെ കണ്ണുകൾ ചെന്നുപതിഞ്ഞു. അദ്ദേഹം മന്ത്രിക്കുന്നുണ്ടോ ?

'' ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദശ, വന്ന പോലെ പോം
വിരിയുന്നു മനുഷ്യനേതിനോ
തിരിയാ ലോകരഹസ്യമാർക്കുമേ.''

ഇത്ര വിപുലവും ആർഭാടപൂർണവുമായ രീതിയിൽ ഒരു കവിയുടെ ലോഹപ്രതിമയെ എന്നെങ്കിലും ഇവിടെ സ്വാഗതം ചെയ്തിട്ടുണ്ടോ ? ഇല്ലെന്നു തീർച്ചയാണ്. യു.എൻ.ഒ.പോലും ഈ കേരളീയകവിയുടെ ജന്മശതാബ്ദി ആഘോഷിക്കുന്നുവെന്നത് ടാഗോറിന്റെ "ഗീതാഞ്ജലി"ക്ക് നോബൽപ്രൈസ് കിട്ടിയ ശേഷം നമുക്കുണ്ടായ ഏറ്റവും വലിയ രോമഹർഷമല്ലയോ ? ബംഗാളികവിതയെന്നപോലെ മലയാളകവിതയും ഭൂഗോളത്തിന്റെ എല്ലാ ഭാഗത്തും വ്യാപിച്ചുനിൽക്കുന്ന ഈ സന്ധ്യാമുഹൂർത്തത്തിൽ ഞാൻ

ഒന്നു മേലോട്ടു നോക്കി . സഹസ്രാക്ഷനായ ആകാശം ശാശ്വതികത്വത്തിന്റെ കിരണങ്ങൾകൊണ്ട് കൊരുത്തെടുത്ത കോമളഹാരങ്ങൾ അർപ്പിക്കുകയാണ് ആശാൻപ്രതിമയുടെ കഴുത്തിൽ ! ഗ്രാമീണവൃക്ഷത്തിന്മേലിരുന്നു കൂവിയ കുയിലി - ന്റെ വിഷാദമധുരമായ സംഗീതം എന്റെ ഹൃദയത്തിൽ ഉറന്നുപൊന്തി. ആയിരമായിരം വീണപൂക്കൾ സൗരഭ്യം വീണ്ടെടുത്തു കൂട്ടംകൂട്ടമായി പറന്നുവന്ന് അദ്ദേഹത്തിന്റെ പാദാരവിന്ദങ്ങളിൽ നമസ്കരിക്കുന്നുണ്ടോ?

അല്ല! വിദ്യാർഥികോർണറിൽ കവിസമ്മേളനം തുടങ്ങുകയാണ് . നമ്മുടെ പ്രിയപ്പെട്ട ജീവൽക്കവികളായ
കുഞ്ഞിരാമൻനായർ , ഇടശ്ശേരി , വൈലോപ്പിള്ളി , അക്കിത്തം മുതലായവരെല്ലാം അക്കൂട്ടത്തിലുണ്ട് . അവരിൽനിന്നുതിർന്നു- വീണപൂക്കളുടെ സൗരഭ്യമാണ് എന്റെ ഉള്ളിൽ സ്വാദിഷ്ഠ - ങ്ങളായി തത്തിക്കുന്നത് :

''കാണാതെ പോയ് പല്ലനയാറ്റിൽ മുങ്ങി-
മരിച്ച നാളോളമിവൻ സുഖത്തെ ;
അദ്ദാരുണാന്തർഗതപീഡയാൽ കൈ-
വരിച്ചതാണീയമരത്വസൗഖ്യം''

ആശാൻകവിതയിൽ ഓളം വെട്ടുന്ന, സ്വന്തം ഹൃദയത്തിലെ ദാരുണസംഘർഷങ്ങളുടെ സത്യസന്ധമായ ബഹിഃസ്ഫുരണങ്ങളാണ് ആ മഹാകവിക്ക് ഇന്നു ലഭിക്കുന്ന ഈ അചോദ്യമായ ആദരാതിരേകത്തിന്റെ കാരണമെന്ന കാര്യത്തിൽ അദ്ദേഹത്തിന്റെ എതിരാളികൾക്കുപോലും
സംശയമുണ്ടാവില്ല - അങ്ങനെ ആരാനുമുണ്ടെങ്കിൽ.

മടങ്ങിപ്പോരുമ്പോൾ എന്റെ മനസ്സ് ആശാൻ- കവിതയുടെ അഭൗമലോകത്തിലൂടെ പറക്കുകയായിരുന്നു.

''സ്ഫുടതാരകൾ കൂരിരുട്ടിലു -
ണ്ടിടയിൽ ദ്വീപുകളുണ്ട സിന്ധുവിൽ
ഇടർ തീർപ്പതിനേകഹേതുവ-
ന്നിടയാമേതു മഹാവിപത്തിലും.''

ജീവിതം ഒരു കൂരിരുട്ടാണ്, സമുദ്രമാണ്. എങ്കിലും ഇരുട്ടിൽ നക്ഷത്രങ്ങളും സമുദ്രത്തിൽ ദ്വീപുകളുമുണ്ട്. ഇതെല്ലാം നമുക്കറിയാം. പക്ഷേ, ഈ പച്ചപ്പരമാർഥം പറയുമ്പോൾ അതിൽ കവിതയുടെ നന്തുണിനാദം കലർത്തുന്നതെങ്ങനെ?
ആശാനെപ്പോലെ രേവാനദിയിൽ ചാടി ആത്മഹത്യ ചെയ്യാനാഗ്രഹിച്ച ഒരാത്മാവിനേ അതറിയൂ. 'ചിന്താവിഷ്ടയായ
സീത' യിൽ അദ്ദേഹം ദുഃഖിച്ചത് ധർമ്മഭ്രംശത്തെച്ചൊല്ലിയാണ്:

''ഒരുവേള പഴക്കമേറിയ-
ലിരുളും മെല്ലെ വെളിച്ചമായ് വരാം
ശരിയായ് മധുരിച്ചിടാം സ്വയം
പരിശീലിപ്പൊരു കയ്പുതാനുമേ.''

സുഖം എന്നത് അസുഖകരമായതിനെ മെരുക്കുന്നതിൽനിന്നു മാത്രമേ ലഭിക്കൂ എന്ന് അദ്ദേഹം അനുഭവിച്ചറിഞ്ഞിരുന്നു.
'നളിനി' യെടുത്തു മലർത്തിനോക്കൂ,
'ലീല' യെടുത്തു മലർത്തിനോക്കൂ. സുഖത്തെക്കുറിച്ച് ആശയേയുള്ളൂ, സുഖം ഒരിടത്തുമില്ല. സ്നേഹമുണ്ട്, അതു മനോഹരവുമാണ്. പക്ഷേ, നിഷ്ഫലം. ആശാന്റെ വലത്തേ കണ്ണിലെ അശ്രുബിന്ദുവാണ് 'നളിനി' യെങ്കിൽ മറ്റേതിലെ

അശ്രുബിന്ദുവാണ് 'ലീല'. അതുരണ്ടും തുടച്ചുമാറ്റിക്കൊണ്ടാണ് അദ്ദേഹം ഗുരുനിർവിശേഷനായ രാജരാജവർമ്മയുടെ ശ്മശാനത്തിലെത്തിച്ചേർന്നത്. കരയരുതെന്നു വിചാരിച്ചു. എന്നിട്ടും കണ്ണീർ വീണ്ടും ഉറന്നുവന്നു. ആ കണ്ണീർ അദ്ദേഹം തുടച്ചതിങ്ങനെയാണ്: 'ഇവിടമാണധ്യാത്മവിദ്യാലയം '. കരുണയുടെ അന്ത്യത്തിൽ ആ കണ്ണീർ വീണ്ടും ഉതിർന്നു. അതു വറ്റുകയുണ്ടായില്ല.

ആശാൻ തുടച്ചുകളഞ്ഞിട്ടും വറ്റാത്ത കണ്ണുനീർത്തുള്ളി മലയാളസാഹിത്യത്തിൽ നൽകിയ ആർദ്രത ഇന്നും അവശേഷിക്കുന്നു. ഒരുപക്ഷേ, പതിന്മടങ്ങു പ്രകാശ-ത്തോടുകൂടി നാലപ്പാടനിലൂടെ സ്ഫുടീഭവിച്ച ആ പ്രകാശം വിലയേറിയ ഒരു രത്നമായി മാറി. ഇന്നത്തെ ശ്രദ്ധേയരായ കവികളിൽ എല്ലാവരിലും ആ പ്രകാശം തനതായ വ്യക്തി-ത്വത്തോടുകൂടി പൊട്ടിത്തഴച്ചുനിൽക്കുന്നത് നമുക്കു കാണാം.

അപ്പോൾ 'മാറ്റുവിൻ ചട്ടങ്ങളെ' എന്നനുശാസിച്ച ആശാൻ ആദ്യം ചെയ്തത് മലയാള കവിതയിലെ അന്തസ്സാരശൂന്യത എന്ന ചട്ടം മാറ്റുകയാണ്.ഒരു പുതിയ സംവേദനപാരമ്പര്യം ഒരു ഭാഷയിൽ മുഴുവൻ
വിതച്ചു വിളയിക്കുക എന്നതു ചില്ലറക്കാര്യമല്ല. തിരുവനന്തപുരം സർവകലാശാലാ ഗേറ്റിൽ സ്ഥാപിക്കപ്പെടുന്നതിനു മുമ്പുതന്നെ മനുഷ്യഹൃദയങ്ങളിൽ ഈ ലോഹപ്രതിമ സ്ഥാപിതമായിത്തീരാൻ കാരണം അതാണ്.

''സ്വാതന്ത്ര്യംതന്നെയമൃതം
സ്വാതന്ത്ര്യംതന്നെ ജീവിതം

പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം.''

ഭാവിചരിത്രത്തിലേക്കു പ്രതിധ്വനിക്കുന്ന ആ വരികളിലെ മാനി എന്ന വാക്കിനുമുമ്പിൽ ഞാൻ ചിന്താമൂകനായി നിൽക്കുന്നു. അപ്പോഴാണ് ആ വാക്കിനു നേരെ വലതുകൈയിലെ ചൂണ്ടാണിവിരൽ ഉയർത്തിപ്പിടിച്ച
പ്രതിമ വീണ്ടും എന്റെ മനക്കണ്ണിൽ തെളിയുന്നത്.

എം.ആർ.ബിയുടെ ഉപന്യാസങ്ങൾ (എം.ആർ.ബി)

# കൗടില്യന്റെ അർത്ഥശാസ്ത്രം

ഭരണം സുഗമമായി നടത്താൻ ഒരു ഭരണാധികാരിയെ സഹായിക്കുന്ന നിർദ്ദേശങ്ങളാണ്

അർഥശാസ്ത്രത്തിലടങ്ങിയിരിക്കുന്നത്. രാജാവ് രാജ്യകാര്യങ്ങൾ എങ്ങനെ നോക്കി നടത്തണം എന്ന് അതിൽ വിശദീകരിക്കുന്നു. രാജാവ് സദാസമയവും ജാഗ്രത പാലിക്കണം. പ്രജകളുടെ സന്തോഷം, പ്രജകളുടെ ക്ഷേമമാണ് രാജാവിന്റെക്ഷേമം. എല്ലാ വിജയങ്ങളുടെയും അടിസ്ഥാനവ്യവസ്ഥ,നിയമം, നിഷ്ഠ, കർശനനിയന്ത്രണം എന്നിവയാണെന്ന് അർഥശാസ്ത്രത്തിൽ അദ്ദേഹം ഊന്നിപ്പറയുന്നു. നീതിയാണ് സമൂഹത്തിന്റെ അടിസ്ഥാനശിലം രാഷ്ട്രത്തിന്റെ മുഴുവൻ പ്രവർത്തനങ്ങളെയും പല ഭരണവകുപ്പുകളായി അദ്ദേഹം തരംതിരിച്ചു.

# പഴഞ്ചൊല്ലുകൾ

1 അകത്തിട്ടാൽ പുറത്തറിയാം

2 അകത്തു കത്തിയും പുറത്തു പത്തിയും

3 അകപ്പെട്ടവന് അഷ്ടമരാശി,ഓടിപ്പോയവനു ഒമ്പതാമെടത്തു വ്യാഴം–

4 അകപ്പെട്ടാൽ പന്നിച്ചുരയ്ക്കാ–

5 അകലെ കൊള്ളാത്തവൻ അട്ടക്കലും കൊള്ളുകയില്ലാ–

6 അകലെ പോന്നവനെ അരികെവിളിച്ചാൽ അരക്കാത്തുട്ടുചേതം (അരക്കാശുനഷ്ടം)–

7 അകൗശലലക്ഷണം സാധനദൂഷ്യം–

8 അക്കരനിന്നവൻ തോണിഉരുട്ടി–

9 അക്കരനിൽക്കുന്ന പട്ടർ തോണിമുക്കി–

10 അക്കരെ മാവിലോൻ കെണിവച്ചിട്ട എന്നോടോ ക്ലരാ കണ്ണുമിഴിക്കുന്നു–

11 അക്കരെനിൽക്കുമ്പോൾ ഇക്കരെപച്ച,ഇക്കരെ നിൽക്കുമ്പോൾ അക്കരെപച്ച

12 അങ്കവും കാണാം താളിയും ഒടിക്കാം

13 അതിബുദ്ധിക്ക് അല്പായുസ്സ്

14 വേണമെങ്കിൽ ചക്ക വേരേലും (വേരിന്മേലും) കായ്ക്കും; വേണ്ടാ എങ്കിൽ കൊമ്പത്തും ഇല്ല

15 സമുദ്രത്തിൽ മുക്കിയാലും പാത്രത്തിൽ പിടിപ്പതെവരു

# പൊതുവിജ്ഞാനം

1. സഞ്ജയ്ഗാന്ധി ദേശീയോദ്യാനം – മുംബൈ

2. ഇന്ത്യയിലെ ആദ്യപോസ്റ്റ് ഓഫീസ് സേവിംഗ് ബാങ്ക് ATM ആരംഭിച്ച സ്ഥലം – ചെന്നൈ
3. ജെ.ബി.കൃപലാനിയുടെ ആത്മകഥ – മൈ ടൈംസ്
4. സുഗന്ധ വ്യഞ്ജനങ്ങളുടെ രാജ്ഞി – ഏലം
5. മനസ്സാണ് ദൈവം എന്നു പറഞ്ഞത് – ബ്രഹ്മാനന്ദ ശിവയോഗി
6. ശുദ്ധി പ്രസ്ഥാനം ആരംഭിച്ചത് – ദയാനന്ദ സരസ്വതി
7. ഇന്ത്യയിലെ അവശിഷ്ട നഗരം – ഹംപി
8. പുരി ജഗന്നാഥ ക്ഷേത്രം – വൈറ്റ പഗോഡ
9. മേഘങ്ങളെക്കുറിച്ചുള്ള പഠനം – നേഫോളജി
10. ഇന്ത്യ തദ്ദേശീയമായിവികസിപ്പിച്ച പൈലറ്റില്ലാത്ത ഭാരം കുറഞ്ഞ വിമാനം – ലക്ഷ്യ
11. ഹൈറേഞ്ചിലേക്കുള്ള കവാടം – കോതമംഗലം
12. തേക്കടിയുടെ കവാടം – കുമളി
13. സിക്കുകാരുടെ പത്താമത്തെ ഗുരു – ഗുരുഗോവിന്ദ് സിങ്
14. ഭാവിയുടെ ലോഹം – ടൈറ്റാനിയം
15. ആയിരം ആനകളുടെ നാട് – ലാവോസ്
16. കാറ്റാടി മില്ലുകളുടെ നാട് – ഹോളണ്ട്
17. 'ഇന്ത്യ ഡിവൈഡഡ്' എന്ന പുസ്തകം രചിച്ചത് – രാജേന്ദ്രപ്രസാദ്
18. പിരമിഡുകളുടെ നാട് – ഈജിപ്ത്
19. സൈക്കിളുകളുടെ നാട് – ബീജിങ്
20. ശാശ്വത അരുവികളുടെ നാട് – ക്വിറ്റോ

# ബഹിരാകാശ ക്വിസ്

21. പ്രപഞ്ചോത്പത്തിയെക്കുറിച്ച് പരക്കെ അംഗീകരിക്കപ്പെടുന്ന സിദ്ധാന്തം?
മഹാസ്ഫോടന സിദ്ധാന്തം.
22. ഏറ്റവും കുറഞ്ഞ താപനിലയുള്ള നക്ഷത്രങ്ങളുടെ നിറം ഏത്?
ചുവപ്പ്
23. ബുധനിലെ കൊട്ടുമുടികളുടെ പേര്?
റപ്പ്
24. നീലഗ്രഹം എന്നറിയപ്പെടുന്ന ഗ്രഹം?
ഭൂമി
25. ഭൂമിയുടെ ആകൃതി?
ജിയോയ്ഡ്
26. ചുവന്ന ഗ്രഹം എന്നറിയപ്പെടുന്നത്?
ചൊവ്വ

27. ശനിയുടെ രണ്ടാമത്തെ വലിയ ഉപഗ്രഹം?
റിയ
28. ആദ്യമായി ബഹിരാകാശത്തെത്തിയ വാഹനം?
സ്പുട്നിക്-1
29. മനുഷ്യരെ ആദ്യമായി ചന്ദ്രനിലെത്തിച്ച രാജ്യം?
അമേരിക്ക
30. ഇന്ത്യയുടെ ആദ്യത്തെ കൃത്രിമ ഉപഗ്രഹം?
ആര്യഭട്ട(1975)
31. ആദ്യമായി ബഹിരാകാശത്തെത്തിയ വാഹനം?
സ്പുട്നിക്-1(1957)
32. മനുഷ്യരെ ആദ്യമായിചന്ദ്രനിലെത്തിച്ച രാജ്യം?
അമേരിക്ക
33. ഇന്ത്യയുടെ ആദ്യത്തെ കൃത്രിമ ഉപഗ്രഹം?
ആര്യഭട്ട(1975)
34. ലോകത്തിലെ ആദ്യത്തെ ബഹിരാകാശ നിലയം?
സല്യൂട്ട്-1(റഷ്യ)

35. അമേരിക്കയുടെ ആദ്യത്തെ ബഹിരാകാശ നിലയം?
സ്കൈലാബ്(1973)
36. ചന്ദ്രനെക്കുറിച്ചുള്ള പഠനം അറിയപ്പെടുന്നത്?
സെലനോളജി

37. ഭൂമിയാണ് പ്രപഞ്ചകേന്ദ്രം എന്ന് വാദിച്ചത്?
ടോളമി
38. ഇന്ത്യയുടെ ആദ്യ വിദ്യാഭ്യാസ ഉപഗ്രഹം?
എഡ്യൂസാറ്റ്
39. എഡ്യൂസാറ്റ് വിക്ഷേപിച്ചത്?
20.9.2004
40. ആര്യഭട്ട വിക്ഷേപിച്ചത്?
19.4.1975

# രാമായണ

# പ്രശ്നോത്തരി

41. അദ്ധ്യാത്മരാമായണം കിളിപ്പാട്ട് തുടങ്ങുന്നത് ഏതു പദങ്ങളോടു കൂടിയാണ്?

ശ്രീരാമ ! രാമ ! രാമ
42. അദ്ധ്യാത്മരാമായണം മൂലം ഏതു ഭാഷയിലാണ്?
സംസ്കൃതം
43. വാല്മീകി രാമായണം മൂലം ഏതു ഭാഷയിലാണ്?
സംസ്കൃതം
44. വാല്മീകി ആദ്യമായി രചിച്ചത് ശ്ലോകം തുടങ്ങുന്നത് എങ്ങനെയാണ്?
"മാ നിഷാദ"

45. ഏതുനദിയുടെ തീരത്തുവെച്ചായിരുന്നു പുത്രകാമേഷ്ടി നടത്തപ്പെട്ടത്?
സരയൂനദി
46. സീതയായി ജനിച്ചത് ഏത് ദേവിയായിരുന്നു?
മഹാലക്ഷ്മി
47. ശ്രീരാമാവതാരം ഉണ്ടായത് ഏത് യുഗത്തിലായിരുന്നു?
ത്രേതായുഗം
48. വാല്മീകിയ്ക്ക് ഏതുമന്ത്രം , ഏതുരീതിയിലായിരുന്നു ഉപദേശിച്ചത്?
രാമമന്ത്രം,"മരാ മരാ"എന്ന
49. ബാലിയുടെ പത്നിയുടെ പേരെ ന്തായിരുന്നു?
താര
50. വജ്രായുധമേറ്റ ഹനുമാന് എന്തുസംഭവിച്ചു?
മരണം

# കൃതജ്ഞത

ഞങ്ങളുടെ ഈ എളിയ സംരംഭത്തിന് എല്ലാ സഹായസഹകരണങ്ങളും പ്രോത്സാഹനവും നൽകിയ ഞങ്ങളുടെ പ്രിയപെട്ട എല്ലാ അധ്യാപകർക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പേരിലുള്ള നന്ദി അറിയിക്കുന്നു.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

സഹകരിച്ച
സഹായിച്ച
പിന്തുണച്ച
എല്ലാവർക്കും നന്ദി